# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 04 | THE ONLINE OFFICIAL NEWS BULLETIN | 2024 January 23


SEASON OF THE EPIPHANY | ദനഹാകാലം

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| 26<br>3rd Sunday after Epiphany<br>19th Mem. of H.H.Baselios Mar Thoma Mathews II Catholicos (Shasthamkotta Mount Horeb)<br>71th Mem. of Paulose Mar Athanasios (Kuttikkattil) (Aluva Thrikkunnath Seminary)<br>5 | 27<br>1 | 28<br>5 | 29<br>1 | 30<br>5 | 31<br>1 | 1<br>5 |



ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ നവതി ആഘോഷങ്ങളുടെ ഭാഗം ആയി സഹോദരൻ പദ്ധതിയുമായി ചേർന്ന്, ബഹ്റൈൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിലെ യുവജന വിഭാഗമായ സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ സഹായം പ. കാതോലിക്കാ ബാവായ്ക്ക്, യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. വിജു എലിയാസും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ചേർന്നു കൈമാറി.



കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ തീർത്ഥാടനകേന്ദ്രത്തിലെ പള്ളിഭാഗം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നൽകപ്പെടുന്ന 11– മത് യുവദീപ്തി പുരസ്കാരം ഭാരത സർക്കാരിന്റെ സ്ത്രീകൾക്കുള്ള പരമോന്നത സിവിലിയൻ ബഹുമതിയായ 'നാരീ ശക്തി' പുരസ്കാര ജേതാവും ജീവകാരുണ്യ–മനുഷ്യാവകാശ പ്രവർത്തകയുമായ ഡോ. എം. എസ്. സുനിലിന് പ. ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ സമ്മാനിക്കുന്നു.



## മാർത്തോമ്മൻ പൈതൃകം ഭാരത ക്രൈസ്തവ ഐക്യത്തിന്റെ മുഖമുദ്ര: പ. കാതോലിക്കാബാവാ

മാർത്തോമ്മൻ പൈതൃകം ഇന്ത്യയിലെ മുഴുവൻ ക്രൈസ്തവ വിഭാഗങ്ങളെയും ഒരുമിപ്പിക്കുന്ന ഘടകമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ. ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായാണ് ഭാരതത്തിൽ സഭ സ്ഥാപിച്ചത്. എന്നാൽ പിന്നീട് ഇന്ത്യയിലെ ക്രൈസ്തവർ പല വിശ്വാസ പ്രമാണങ്ങളിലേക്കും തിരിഞ്ഞു. അന്നും ഇന്നും ആ പൈതൃകത്തിൽ അടിയുറച്ച് നിൽക്കുന്നത് മലങ്കരസഭ മാത്രമാണ്. മാർത്തോമ്മൻ പൈതൃകം അവകാശപ്പെടുന്നവർ ഒരുമിക്കണം. അത്തരമൊരു ദർശനം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ബാവാ പറഞ്ഞു.

2024 ഫെബ്രുവരിയിൽ സംഘടിപ്പിച്ച മാർത്തോമ്മൻ പൈതൃക സംഗമത്തിന്റെ സ്മരണക്കായി പ്രസിദ്ധീകരിച്ച മാർത്തോമ്മൻ സ്മൃതി എന്ന ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ച് സംസാരിക്കുകയായിരുന്നു ബാവാ. വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ ഡോ ജോൺ തോമസ് കരിങ്ങാട്ടിൽ സ്മരണികയുടെ ആദ്യപ്രതി ഏറ്റുവാങ്ങി. സ്മരണിക കമ്മറ്റിയുടെ അധ്യക്ഷൻ ഡോ.യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർ?ഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർ?ഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ,സഭാ വക്താവ് ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് റീശ് കോർ എപ്പിസ്കോപ്പാ, ഫാ. ഡോ. റെജി മാത്യൂസ്, ഫാ. ജിജി വർഗീസ്, ജേക്കബ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

## മെറിറ്റ് ഈവനിംഗ്

കോട്ടയം: പൊതു പരീക്ഷകളിൽ മികച്ച വിജയം നേടിയവരും, കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവരും, വിവിധ അവാർഡ് ജേതാക്കളുമായ സഭാംഗങ്ങളെ അനുമോദിക്കുന്നതിനായി മലങ്കര ഓർത്തഡോക്സ് സഭ സംഘടിപ്പിക്കുന്ന മെറിറ്റ് ഈവനിംഗ് 26–ന് 2 മണിക്ക് ശാസ്താംകോട്ട മൗണ്ട് ഹോറേബ് മാർ ഏലിയാ ചാപ്പൽ അങ്കണത്തിൽ നടക്കും. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്ത് അവാർഡുകൾ വിതരണം ചെയ്യും. കൊല്ലം ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് അദ്ധ്യക്ഷത വഹിക്കും. മനോരമ ന്യൂസ് ഡൽഹി ബ്യൂറോ ചീഫ് നിഷ പുരുഷോത്തമൻ മുഖ്യ പ്രഭാഷണം നടത്തും.

യാത്രാവിവരണം

# അർമ്മേനിയൻ സഭയിലേക്ക് ഒരു സന്ദർശനം (ഭാഗം 2)

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

## അർമേനിയ: ആദ്യ ക്രൈസ്തവ രാഷ്ട്രം

ഏ. ഡി. 301-ൽ ക്രൈസ്തവ വിശ്വാസത്തെ രാഷ്ട്രത്തിന്റെ ഔദ്ധ്യോധിക വിശ്വാസമായി സ്വീകരിക്കുകയും ഇന്നും അപ്രകാരം തുടരുകയും ചെയ്യുന്ന അർമേനിയയുടെ ചരിത്രത്തിലും സംസ്കാരത്തിലും ജനതയുടെ ജീവിതസാഹചര്യങ്ങളിലും ഇന്നും ശക്തമായ ക്രൈസ്തവ മൂല്യങ്ങളുടെ സാനിധ്യം ദൃശ്യമാണ്.

ക്രിസ്ത്വാബ്ദം ഒന്നാം നൂറ്റാണ്ടു മുതൽ തന്നെ അർമേനിയയിൽ ക്രൈസ്തവ വിശ്വാസം എത്തിചേർന്നിട്ടുണ്ടെന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. അപ്പോസ്തോലന്മാരായ തദ്ദേവൂസ്സും ബർത്തലോമിയയും അർമേനിയയിൽ സുവിശഷം അറിയിച്ചുവെന്നും പിന്നീട് എഡേസ്സായിലെ ആദ്ദായി (72 അറിയിപ്പുകാരിൽ ഒരുവനായി കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ടു. പ. മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രചരണകാലത്ത് അദ്ദേഹത്തോടുകൂടെ പ്രവർത്തിക്കുകയും ശ്ലീഹാ ഏ. ഡി. 50-ൽ അദ്ദേഹത്തെ പൗരസ്ത്യസഭയുടെ അദ്ധ്യക്ഷനായി ചുമതലപ്പെടുത്തുകയും എ. ഡി. 50 മുതൽ 66 വരെ അദ്ദേഹം എഡേസ്സ ആസ്ഥാനമായി അർമേനിയ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കർത്താവിന്റെ സുവിശേഷം അറിയിക്കുകയും മെസ്സപെത്തോമിയ, സിറിയ, പേർഷ്യ, അർമേനിയ തുടങ്ങിയ സ്ഥലങ്ങളിൽ സഭ സ്ഥാപിക്കുകയും ചെയ്തതായി കാണുന്നു. വി. തോമാശ്ലീഹായുടെ നിർദ്ദേശപ്രകാരം ആദ്യം എഡേസ്സായിലെത്തി. അബ്ക്കാർ അഞ്ചാമന് സൗഖ്യം നൽകിയ വ്യക്തി എന്നതിനാൽ പൗരസ്ത്യസഭകൾ എല്ലാം ഈ പിതാവിനെ ഏറെ ബഹുമാനിക്കുന്നു) അർമേനിയയിലെ സുവിശേഷപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയെന്നും കാണുന്നു.

എന്നാൽ എ. ഡി. 301-ൽ ഗ്രിഗറി കാതോലിക്കോസ് (St. Gregory the Illuminator) അന്നത്തെ അർമേനിയൻ ചക്രവർത്തിയായിരുന്ന റ്റിറിഡാറെസ്സ് മൂന്നാമനെ (Tiridates III) മാനസാന്തരപ്പെടുത്തുകവഴി രാജ്യം മുഴുവൻ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചുവെന്നും അർമേനിയൻ രാഷ്ട്രചരിത്രത്തിലും സഭാ ചരിത്രത്തിലും ഈ സംഭവം വളരെ പ്രാധാന്യത്തോടെ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

അർമേനിയൻ അപ്പോസ്തോലിക സഭ എന്ന് അറിയപ്പെടുന്ന അർമേനിയൻ ഓർത്തഡോക്സ് സഭ ഗ്രിഗറി കാതോലിക്കോസിനെ അർമേനിയയുടെ അപ്പോസ്തോലനും കാവൽപിതാവുമായി ഗണിക്കുന്നു. രാഷ്ട്രത്തിന്റെ ഔദ്ധ്യോധികമതം അർമേനിയൻ സഭയാണെങ്കിലും മറ്റു സഭകൾക്കും മതങ്ങൾക്കും പൂർണ്ണ സ്വാതന്ത്ര്യവും സമത്വവും രാഷ്ട്രത്തിന്റെ ഭരണഘടന നൽകുന്നുണ്ട്. അർമേനിയയിലെ 97% ജനനവും ക്രൈസ്തവരാണ്; അതിൽ 95% അർമേനിയൻ ഓർത്തഡോക്സ് സഭാംഗങ്ങളുമാണ്.

ആദ്യം സുറിയാനി ലിപികൾ ഉപയോഗിച്ചിരുന്ന സഭ ഏ.ഡി. 405-ൽ സ്വതന്ത്ര അർമേനിയൻ ലിപികളും ഭാഷയും രൂപപ്പെടുത്തി വി. മെസ്സറോപ്പിന്റെ (Mesrop Mashtots) നേതൃത്വത്തിൽ വി. വേദപുസ്തകവും ആരാധനാ ക്രമങ്ങളും പ്രാദേശിക ഭാഷയിൽ ലഭ്യമാക്കിയതായി കാണുന്നു.

എ. ഡി. 501-ൽ ഡവിനിൽ (Council of Davin) കൂടിയ അർമേനിയൻ സഭ സുന്നഹദോസ് കൽക്കദോന്യ സുന്നഹദോസിനെ (Council of Chalcedon-451) പൂർണ്ണമായി തള്ളികളയുകയും മൂന്നു പൊതുസുന്നഹദോസുകളിലെ വിശ്വാസത്തിൽ അടിയുറച്ച് വളരുകയും ചെയ്തതായി കാണുന്നു. അങ്ങിനെ പൂർണ്ണ സ്വതന്ത്രവും സ്വയഭരണാധികാരമുള്ള ദേശീയ അപ്പോസ്തോലിക സഭയായി അർമേനിയൻ ഓർത്തഡോക്സ് സഭ നിലനിൽക്കുന്നു.



### Etchmiadzim (സഭാ ആസ്ഥാനം)

സഭയുടെ ആദ്യ പ്രധാന മേലദ്ധ്യക്ഷനായി അറിയപ്പെടുന്ന ഗ്രിഗറി കാതോലിക്കായ്ക്ക് ഉണ്ടായ ഒരു സ്വപ്നദർശനത്തിൽ നിന്നാണ് Etchmiadzim എന്ന സഭാ ആസ്ഥാനവും അവിടുത്തെ അതിപുരാതന കത്തീഡ്രൽ ദേവാലയവും ഉണ്ടാകുന്നത്. ഏ. ഡി. 301-ലാണ് ഈ സംഭവങ്ങളുടെ ആരംഭം. അതുവരെയും കൈസരിയയുടെ ഭരണാധികാരത്തിൻകീഴിൽ കഴിഞ്ഞിരുന്ന സഭയ്ക്ക് രാജാവിന്റെ ശുപാർശപ്രകാരം കൈസ്സറിയാ സ്വതന്ത്ര കാതോലിക്കേറ്റ് അനുവദിക്കുകയും Gregory the Illuminator ഒന്നാം കാതോലിക്കായായി വാഴിക്കപ്പെടുകയും ചെയ്യുന്നു.

രാജാവിന്റെ (Tiridates) അനുവാദത്തോടെ അദ്ദേഹം അർമേനിയയിലെ വിഗ്രഹആരാധനയും ആസ്ഥാനങ്ങളും പൂർണ്ണമായും ഇല്ലാതാക്കി ദേവാലയങ്ങളും ആശ്രമങ്ങളും സ്ഥാപിക്കുവാൻ തുടങ്ങുന്നു; ഒപ്പം അനേകം വൈദീകരെ പരിശീലിപ്പിച്ച് പട്ടംകൊടുത്ത് സഭാ ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നു.

അരാറാത്ത് പർവ്വതത്തിന്റെ താഴ്വാരത്തിൽ സ്ഥിതിചെയ്യുന്ന പൗരാണികമായ അന്നത്തെ രാജ്യതലസ്ഥാനത്ത് (Vagharshapat) അദ്ദേഹം ധ്യാനനിരതനായി കഴിയുമ്പോൾ ഒരു ദർശനം ഉണ്ടാകുന്നു. ലോകരക്ഷകനായ ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് ഇറങ്ങി വന്ന് തന്റെ കയ്യിലെ സ്വർണ്ണചുറ്റികകൊണ്ട് നിലത്ത് ആഞ്ഞു അടിക്കുകയും അപ്പോൾ അവിടെ കുരിശാകൃതിയിലുള്ള ഒരു ദേവാലയം ഉയരുകയും ചെയ്യുന്നു! ജലപ്രളയത്തിനുശേഷം നോഹയും മക്കളും ഭൂമിയിൽ ഇറങ്ങി യഹോവയ്ക്ക് ബലികഴിച്ച സ്ഥലമായിരുന്നു ഇത് (ഉല്പ. 8:20) എന്നു വിശ്വസിക്കപ്പെടുന്നു. പിൽക്കാലത്ത് ഇവിടെ നിലനിന്നിരുന്ന പ്രധാന പുറജാതിക്ഷേത്രം രാജാവിന്റെയും കാതോലിക്കായുടെ

നേതൃത്വത്തിൽ പൊളിച്ച് മാറ്റി ദർശനത്തിൽ ക്രിസ്തു വെളിപ്പെടുത്തി കൊടുത്ത കുരിശാകൃതിയിലുള്ള ദേവാലയം എ.ഡി. 301-307-ൽ പണിത് പൂർത്തീകരിച്ച് ആയത് അന്നു മുതൽ അർമേനിയൻ സഭയുടെ (The Holy Sea of Armenia) ആസ്ഥാന ദേവാലയമായി (Mother Cathedral) നിലനിൽക്കുന്നു. 'ഏകജാതൻ ഇറങ്ങിവന്ന സ്ഥലം' (The place of the decent of the Only-Begotten) എന്നാണ് Etchmiadzim എന്ന പുരാതന അർമേനിയൻ പദത്തിന്റെ അർത്ഥം. അന്നു മുതൽ ഇന്നയോളം അർമേനിയൻ രാഷ്ട്രത്തിന്റെയും സഭയുടെയും വിശുദ്ധ പ്രതീകവും പ്രധാന ആരാധനാലയവുമായി ഈ അമ്മ കത്തീഡ്രൽ പരിലസിക്കുന്നു.

കഴിഞ്ഞ ആയിരത്തിഎഴുനൂറിലേറെ വർഷങ്ങൾ ഈ കെട്ടിടത്തിന് വിവിധ തരത്തിൽ കേടുപാടുകൾ വരുത്തുമ്പോഴൊക്കെയും (യുദ്ധങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ) അതീവ സൂക്ഷ്മതയോടെ ഈ 'അമ്മയുടെ' രൂപവും ഭാവവും മാറാതെ അതിനെ പുനരുദ്ധരിക്കുവാൻ കഴിഞ്ഞതിന്റെ ചരിത്രം നമ്മെ അമ്പരപ്പിക്കുന്നതാണ്. രാഷ്ട്രത്തിന്റെയും സഭയുടെയും നേതൃത്വത്തിൽ UNESCO (United Nations Educational, Scientific and Culture Organization) ന്റെ മേൽനോട്ടത്തിൽ 2017-2024-ൽ സമ്പൂർണ്ണ പുനരുദ്ധാരണം വരുത്തിയ ദേവാലത്തിന്റെ കൂദാശയിൽ പങ്കെടുക്കുവാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കരുതുന്നു. എ.ഡി. 301 മുതൽ 2024 വരെയുള്ള ഈ ദേവാലയത്തിന്റെ വിവിധ കാലങ്ങളിലെ ചിത്രങ്ങൾ, ചരിത്രം, പുനരുത്ഥാരണങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൃഹത്തായ ഗ്രന്ഥം കുന്നംകുളം അരമന ലൈബ്രറിയിൽ ലഭ്യമാണ്.

**വി. മൂറോൻ കൂദാശ:**

28-ന് ശനിയാഴ്ച 5 പി. എം. വി. മൂറോൻ കൂദാശ ആരംഭിച്ചു. പങ്കെടുക്കുന്ന വലിയ ജനസമൂഹത്തെ മുഴുവൻ ഉൾകൊള്ളുക എന്ന ലക്ഷ്യത്തോടെ യച്ച്മിയാഡ്സിൻ കത്തീഡ്രലിന്റെ വിശാല അങ്കണത്തിൽ തുറന്ന സ്റ്റേജിൽ താല്ക്കാലിക മദ്ബഹാ നിർമ്മിച്ച അവിടെയാണ് ക്രമീകരണം ചെയ്തിരിക്കുന്നത്. ഏഴു വർഷത്തിലൊരിക്കലാണ് അതീവ പരിശുദ്ധവും വിശിഷ്ടവുമായ ഈ ശുശ്രൂഷ അർമേനിയൻ സഭയുടെ പ. സുന്നഹദോസിന്റെ പൂർണ്ണ പങ്കാളിത്വത്തിലും ചുമതലയിലും നടത്തപ്പെടുന്നത്. പ. സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ സുപ്രീം കാതോലിക്കോസ് പാത്രിയർക്കീസിന്റെ പ്രധാന കാർമ്മീകത്വത്തിലും സഭയുടെ യെരുശലേം മെത്രാപ്പോലീത്തായായ പാത്രിയർക്കീസിന്റെയും കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാപ്പോലീത്തയായ പാത്രിയർക്കീസിന്റെയും സഹകാർമ്മീകത്വത്തിലും എല്ലാ സുന്നഹദോസ് അംഗങ്ങളുടെയും കാർമ്മീകത്വത്തിലുമാണ് ശുശ്രൂഷകൾ നടത്തപ്പെടുന്നത്.

കേവലം ചെറിയ സഭാസമൂഹമെങ്കിലും ലോകമെമ്പാടും അർമേനിയ ജനത പ്രവാസജീവിതത്തിൽ ഉള്ളതിനാൽ എല്ലാ വൻ കരകളിലും അർമേനിയൻ സഭയുടെ മെത്രാസനങ്ങളും മെത്രാപ്പോലീത്തന്മാരും ഉണ്ട്. ഇതിൽ യെരുശലേമിലെയും കോൺസ്റ്റാന്റിനോപ്പിലേയും മെത്രാപ്പോലീത്തന്മാരുടെ ചരിത്രപരമായ പ്രാധാന്യത്തെ പ്രത്യേകം കാണിക്കുന്നതിനായി അവരെ പാത്രിയർക്കീസ് എന്ന് വിളിക്കുന്നുവെന്നും എന്നാൽ അവർ ആകമാന അർമേനിയൻസുന്നഹദോസിന്റെ അവിഭാജ്യഭാഗവും കാതോലിക്കയ്ക്ക് കീഴ്പ്പെട്ട് ഭരണം നടത്തേണ്ടവരും ആകുന്നു. എന്നാൽ ഇതിനു പുറമേ ലെബനോനിൽ നൂറ്റാണ്ടുകൾക്കു





**Echmiadzin Cathedral in Armenia.**

മുമ്പ് കുടിയേറി പാർത്തിട്ടുള്ള അർമേനിയൻ സഭയ്ക്ക് കിലക്യ ആസ്ഥാനമായി മറ്റൊരു സ്വതന്ത്രകാതോലിക്കേറ്റും ഉണ്ട്. അവിടുത്തെ കാതോലിക്കേറ്റും സുന്നഹദോസ്സും അർമേനിയൻ വിശ്വസത്തിലും ആരാധനയിലും നിലനിൽക്കുന്ന സ്വതന്ത്ര ഭരണസംവിധാനമാണ്. ഈ യച്ച്മിയാഡ്സ്സിൻ കാതോലിക്കേറ്റും കിലക്യൻ കാതോലിക്കേറ്റും ചരിത്രത്തിൽ പലപ്പോഴും ഒന്നിച്ചും ഭിന്നിച്ചും പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു! ഒന്നിച്ച് നിൽക്കുമ്പോൾ കിലിക്യൻ കാതോലിക്കാ ഒരു പ്രതിനിധിയെ വി. മൂറോൻ കൂദാശയ്ക്ക് സുഗന്ധദ്രവ്യങ്ങളും സന്ദേശവുമായി അയക്കാറുണ്ട്. അപൂർവ്വമായി മാത്രം കിലിക്യൻ കാതോലിക്കാ ശുശ്രൂഷകളിൽ പങ്കെടുത്തിട്ടുണ്ട്. ഇത്തവണ അപ്രകാരം കിലക്യൻ കാതോലിക്ക അരാം ഒന്നാമൻ (Aram 1) ഒരു പ്രതിനിധിയെ അയച്ചിരുന്നു; അദ്ദേഹത്തിനും പ്രത്യേക സ്ഥാനം ഉണ്ട്. വി. മൂറോൻ കൂദാശയിൽ കേവലം മൂറോൻ തൈലം മാത്രമല്ല; മറിച്ച് വി. പട്ടണമായ യച്ച്മിയാഡ്സ്സിനും ലോകമെമ്പാടുമുള്ള അർമേനിയൻ മെത്രാസനങ്ങളും ഇടവകകളും സഭാംഗങ്ങളും എന്നു മാത്രമല്ല അർമ്മേനിയൻ രാഷ്ട്രവും മറ്റ് രാഷ്ട്രങ്ങളും പ്രപഞ്ചം മുഴുവനും ശുദ്ധീകരിക്കപ്പെടുന്നു എന്ന് അവർ വിശ്വസിക്കുന്നു. പ്രാർത്ഥനകളിൽ (ലുത്തിനിയാകളിൽ) ഉടനീളം ഈ സന്ദേശം ലഭ്യമായിരുന്നു. ഇതേ കാരണത്താലാണ് വി. മൂറോൻ കൂദാശയ്ക്ക് മറ്റ് സഭകളേയും WCC പോലുള്ള എക്യുമെനിക്കൽ പ്രസ്ഥാനങ്ങളെയും രാഷ്ട്രതലവന്മാരെയും എല്ലാം അവർ ക്ഷണിക്കുന്നത്.

യച്ച്മിയാഡ്സ്സിൻ കത്തീഡ്രലിൽ നിന്നും പ്രൗഢഗംഭീരമായ ഒരു ആത്മീയ ഘോഷയാത്ര പുറപ്പെടുന്നതോടെയാണ് ശുശ്രൂഷയുടെ കാണപ്പെടുന്ന ആരംഭം. അതിനു മുമ്പായി തൈലം പ്രാർത്ഥനാപൂർവ്വം ഒരുങ്ങുകയും മറ്റും ചെയ്യുന്ന കാര്യങ്ങൾ ഉണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കൂദാശചെയ്യുവാനുള്ള തൈലം സംഭരിച്ചിരിക്കുന്ന വലിയ രജതഭരണിയും മറ്റ് വിശിഷ്ട വസ്തുക്കളും അതീവ ശ്രദ്ധയോടെ തുറന്ന മദ്ബഹായിൽ എത്തിച്ച് പ്രതിഷ്ഠിക്കുന്നു. ഒപ്പം പ്രധാന കാർമ്മികനായ കാതോലിക്കോസും പാത്രിയർക്കീസുമാരും മെത്രാപ്പോലീത്തന്മാരും ഒരു വൃദ്ധം വൈദികരും ശെമ്മാശന്മാരും പൂർണ്ണ അംശവസ്ത്രധാരികളായി വി. മദ്ബഹായിലെത്തി കാതോലിക്കോസ് പ്രധാന സിംഹാസനത്തിലും പാത്രിയർക്കീസുമാർ സഹസിംഹാസനങ്ങളിൽ ഇരുവശങ്ങളിലായും മെത്രാന്മാരും വൈദികരും അവരവർക്ക് ഒരുക്കപ്പെട്ട സ്ഥാനങ്ങളിലുമായി നിലയുറപ്പിച്ചശേഷം ശുശ്രൂഷകൾ ആരംഭിക്കുന്നു. വിശദാംശങ്ങൾ എത്ര എഴുതിയാലും തീരുകയില്ലാ എന്നതിനാലും അനേകം വീഡിയോകൾ യുട്യൂബിൽ ലഭ്യമാണെന്നതിനാലും പ്രത്യേകം പ്രസ്താവ്യമെന്നു തോന്നുന്ന ചില കാര്യങ്ങൾ മാത്രം രേഖപ്പെടുത്തുന്നു.

പതിനായിരങ്ങൾക്ക് നേരിട്ട് വീക്ഷിക്കുവാൻ വിവിധ സ്ഥലങ്ങളിലായി കൂറ്റൻ സി.സി. ടി വി.കളും മുഴുവൻ കാര്യങ്ങളും ലോകമെമ്പാടും ഇരുന്നുകൊണ്ട് നിരീക്ഷിക്കുവാനുള്ള മാധ്യമ സൗകര്യങ്ങളും സഭാ-മാധ്യമ വിഭാഗം തന്നെ ഒരുക്കിയിരുന്നു. നടക്കുന്ന ആരാധനകളുടെ അർമേനിയൻ English Script എല്ലാവരിലും അവരുടെ ഗാഡ്ജറ്റുകളിൽ ലഭ്യമാക്കിയിരുന്നതിനാൽ ശുശ്രൂഷകൾക്ക്



ഭംഗം വരുത്തുന്ന അരോചകമായ സ്റ്റേജ് കമന്ററികളോ വ്യക്തിപ്രകടനങ്ങളോ തീർത്തും ഇല്ലായിരുന്നു.

രഹസ്യപ്രാർത്ഥനകൾ ഒഴിച്ചുള്ള മുഴുവൻ ശുശ്രൂഷകളും ജനാഭിമുഖവും വ്യക്തമായി ദർശിക്കാവുന്ന വിധത്തിലും ആയിരുന്നു. ഒന്നര മണിക്കൂർകൊണ്ട് അവസാനിക്കുന്ന വിധത്തിൽ ശുശ്രൂഷകൾ ക്രമീകരിച്ചിരുന്നു. സുവിശേഷങ്ങളിൽ കർത്താവിന്റെ പാദത്തിൽ ഒഴിച്ച പരിമളതൈലം, കബറടക്കിന് ഉപയോഗിച്ച സുഗന്ധവർഗ്ഗം തുടങ്ങിയ ഭാഗങ്ങൾ എല്ലാം വായിച്ചു; എന്നാൽ പഴയനിയമ വായനകളോ ശ്ലീഹാവായനകളോ ഉണ്ടായിരുന്നില്ല! ഇതേക്കുറിച്ച് ചോദിച്ചപ്പോൾ ഏതാണ്ട് നാല് മണിക്കൂർ നീളുന്ന ശുശ്രൂഷകളുടെ ആദ്യ ഭാഗങ്ങൾ പൂർത്തീകരിച്ചശേഷം പ്രധാന കൂദാശാഭാഗം മാത്രമാണ് തുറന്ന സ്റ്റേജിലെ ബലിപീഠത്തിൽ നടത്തുന്നത് എന്ന് അറിയുവാൻ കഴിഞ്ഞു. പള്ളി കൂദാശയിലും ഇത്തരം ക്രമീകരണങ്ങൾ കണ്ടു. അനന്തമായി നീണ്ടുപോകുന്ന, ഏഴും എട്ടും മണിക്കൂറുകൾ എടുത്ത് പൂർത്തിയാകുന്ന, അതിൽ മുഴുവൻ സമയം മൈക്രോഫോൺ ദുരുപയോഗം ചെയ്ത് വിശ്വാസികളിൽ മടുപ്പും ക്ഷീണവും വർദ്ധിപ്പിക്കുന്ന നമ്മുടെ ശുശ്രൂഷകളിൽ (പള്ളികൂദാശകൾ, വി. മൂറോൻ കൂദാശ, മെത്രാഭിഷേകം) ഇങ്ങനെയൊക്കെ വല്ലതും സാധ്യമാകുമോ എന്ന് ചിന്തിക്കുന്നതുപോലും പാപമാകുമോ എന്ന് സംശയിക്കണം.

വി. എവൻഗേല്യോൻ വായനകൾക്കുശേഷം പ. കാതോലിക്കാ മുന്നമേ എഴുതി തയ്യാറാക്കിയ പ്രസംഗം നടത്തുകയും ആയതിന്റെ ഇംഗ്ലീഷ് തർജ്ജമ ഞങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. വി. മൂറോൻ കൂദാശയുടെ വേദശാസ്ത്രവും ചരിത്രവും നടപടിക്രമങ്ങളും ഹ്രസ്വമായും വ്യക്തമായും പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. ഒപ്പം ഇവയെല്ലാം പ്രതിപാദിക്കുന്ന വലിയ ഒരു Coffee-table book റൂമിൽ ഞങ്ങൾക്ക് വിതരണം ചെയ്തിരുന്നു. മുന്നമേ വായിച്ച് കാര്യങ്ങൾ മനസ്സിലാക്കി ശുശ്രൂഷയിൽ പങ്കെടുക്കുവാൻ ഈ ക്രമീകരണങ്ങൾ ഞങ്ങളെ ഏറെ സഹായിച്ചു.

പ. കാരിക്കിൻ രണ്ടാമൻ കാതോലിക്കായുടെ ഇരുപത്തിയഞ്ച് വർഷത്തെ ശുശ്രൂഷയിൽ ഇത് നാലാം തവണയാണ് വി. മൂറോൻ കൂദാശ നടത്തുന്നത്. 2015-നു ശേഷം 2022-ൽ നടക്കേണ്ടിയിരുന്ന ശുശ്രൂഷ കോവിഡ് മഹാമാരി



**വി. മൂറോൻ കൂദാശ.**

മൂലം 2 വർഷം മാറ്റി വയ്ക്കപ്പെടുകയായിരുന്നു. കത്തീഡ്രൽ പുനരുദ്ധരിക്കുവാനും നാലാം തവണയും വി. മൂറോൻ കൂദാശ നടത്തുവാനും സഭയുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്ത് ഇരുപത്തിയഞ്ചു വർഷം ശുശ്രൂഷിക്കുവാനും ദൈവം അവസരം നൽകിയതിന് പ. ബാവ കണ്ണുനീരോടെ നന്ദി പറഞ്ഞതും അർമേനിയൻ രാഷ്ട്രത്തിനും, ജനതയ്ക്കും, പ. സഭയ്ക്കും വേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചതും വികാരനിർഭരമായ രംഗം ആയിരുന്നു.

പ്രസംഗത്തിനും ഏതാനും ലുത്തിനിയാ പ്രാർത്ഥനകൾക്കും ശേഷം ശുദ്ധീകരിക്കപ്പെടുവാൻ തയ്യാറാക്കിയിരുന്ന പുതിയ തൈലത്തിൽ 2015-ൽ കൂദാശ ചെയ്തിരുന്ന വി. മൂറോനും യെരുശലേം പാത്രിയർക്കീസും കോൺസ്റ്റാന്റിനോപ്പിൾ പാത്രിക്കീസ്സും കൊണ്ടുവന്നിരുന്ന സുഗന്ധതൈലങ്ങളും ചേർത്ത് സജ്ജമാക്കിയശേഷം പ്രാർത്ഥനകൾ തുടർന്നു.

പിന്നീട് നമ്മുടെ കർത്താവിന്റെ സ്ലീബായുടെ ഒരു ഭാഗം എന്ന് വിശ്വസിക്കപ്പെടുന്ന തിരുശേഷിപ്പ് നിക്ഷേപിച്ചിരിക്കുന്ന ഒരു വെള്ളി സ്ലീബാകൊണ്ട് പ്രാർത്ഥനകളുടെയും ഗാനങ്ങളുടെയും കത്തീഡ്രൽ ടവർ മണികളുടെയും അകമ്പടിയിൽ പ. കാതോലിക്കാ മൂറോൻ തൈലത്തിൽ തൊടുകയും അതിനെ വാഴ്ത്തുകയും ചെയ്തു. അതുപോലെ തന്നെ കർത്താവിന്റെ വിലാവിൽ കുത്തിയ കുന്തത്തിന്റെ അഗ്രം എന്ന് വിശ്വസിക്കപ്പെടുന്ന ഇരുമ്പ് കുന്തമുന കൊണ്ടും തൈലത്തിൽ തൊടുക്കുകയും വാഴ്ത്തുകയും ചെയ്തു. വീണ്ടും Gregory the Illuminator കാതോലിക്കായുടെ വലതുകരത്തിന്റെ തിരുശേഷിപ്പ് സൂക്ഷിച്ചിട്ടുള്ള വെള്ളികൈകൊണ്ടും തൈലത്തിൽ തൊടുകയും അതിനെ വാഴ്ത്തുകയും ചെയ്തു. ഈ സമയം മറ്റ് മെത്രാപ്പോലീത്തന്മാരും അവരുടെ കൈകളിൽ ആഘോഷിച്ച് പിടിച്ചിരുന്ന മറ്റു വിശുദ്ധന്മാരുടെ (പ. ഗീവർഗ്ഗീസ് സഹദാ, മുൻ കാതോലിക്കാമാർ) തിരുശേഷിപ്പുകൾ കൊണ്ടും തൈലത്തെ വാഴ്ത്തിയതോടെ വി. കൂദാശ പൂർത്തീകരിച്ചു.

വി. മൂറോൻ കൂദാശ വി. കുർബ്ബാന മദ്ധ്യത്തിലോ അഥവാ ശുശ്രൂഷയ്ക്കു ശേഷം വി. കുർബ്ബാനയോ ഉണ്ടായിരുന്നില്ല. എന്നാൽ വൈകീട്ട് 5 മുതൽ ആറര വരെയുള്ള ശുശ്രൂഷയുടെ അന്ന് രാവിലെ പ. ബാവായും മെത്രാപ്പോലീത്തന്മാരും ചേർന്ന് വി. കുർബ്ബാന അർപ്പിക്കുകയും ഒന്നിച്ച് ഭക്ഷണം കഴിക്കുകയും ചെയ്തശേഷം ഉച്ചഭക്ഷണം കഴിക്കാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ ദീർഘനേരം ധ്യാനിച്ചിരിക്കുകയും പ്രാരംഭപ്രാർത്ഥനകളും ഒരുക്ക ശുശ്രൂഷകളും നടത്തുകയും ചെയ്തതിനുശേഷമാണ് ശുശ്രൂഷസ്ഥലത്തേക്കുള്ള ഘോഷയാത്ര ആരംഭിച്ചത് എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

വാഴ്ത്തപ്പെട്ട വി. മൂറോനിൽ തൊട്ട കർത്താവിന്റെ സ്ലീബായുടെ അംശം കൊണ്ടും കുന്തത്തിന്റെ അഗ്രംകൊണ്ടും ഗ്രിഗറി കാതോലിക്കായുടെ തിരുശേഷിപ്പുകൊണ്ടും കാതോലിക്കായും പാത്രിയർക്കീസുമാരും മെത്രാന്മാരും ചേർന്ന് വിശ്വാസികളെ ആശീർവദിച്ചശേഷം ഘോഷയാത്ര കത്തീഡ്രലിലേക്ക് മടങ്ങി. ഏറെ വിശ്വാസവൈരാഗ്യത്തോടെ വിശ്വാസികൾ ദൈവത്തിന് നന്ദി പറയുകയും വരിയായി വന്ന് വി. മൂറോൻ ഇരിക്കുന്ന പേടകത്തിൽ ചുംബിച്ച് ആത്മനിർവൃതിയോടെ മടങ്ങുകയും ചെയ്തു. (തുടരും)



**മലബാർ ഭദ്രാസന ക്രിസ്ത്യൻ കൺവൻഷനു ഭക്തി നിർഭരമായ തുടക്കം. സെന്റ് ജോർജ് വലിയപള്ളിക്കു സമീപം എം.പി.എം. സ്കൂൾ ഗ്രൗണ്ടിലെ കൺവൻഷൻ ഗീവർഗീസ് മാർ പക്കോമിയോസ് ഉദ്ഘാടനം ചെയ്തു. ഫാ. വർഗീസ് മാത്യു അട്ടപ്പാടി വചനപ്രഘോഷണം നടത്തി. ഭദ്രാസന സെക്രട്ടറി ഫാ. ബോബി പീറ്റർ അധ്യക്ഷത വഹിച്ചു. ഫാ. ഷാബിൻ രാജു, ഫാ. വർഗീസ് തോമസ് എന്നിവർ പ്രസംഗിച്ചു.**

ലേഖനം

# ഒരമ്മയും ഏഴു മക്കളും: വിശ്വാസത്തിന്റെ മഹാസാക്ഷ്യം

ഫാ. ഡോ. കെ. എം. ജോർജ്

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി അതിന്റെ 2025 -ലെ പെരുന്നാളിൽ ഒരു അപൂർവ്വ സംഭാവനയാണ് മലങ്കരസഭയ്ക്കു നൽകുന്നത്. ഓർത്തഡോക്സ് വേദപാരമ്പര്യത്തിൽ ഉള്ളതും എന്നാൽ പ്രൊട്ടസ്റ്റന്റ് പാരമ്പര്യത്തിൽപെട്ട ബൈബിൾ സൊസൈറ്റിയുടെ തർജ്ജമയിൽ നമുക്ക് ലഭിക്കാത്തതുമായ മക്കാബിയരുടെ പുസ്തകങ്ങൾ വളരെ ഭംഗിയായി മലയാളത്തിൽ തർജ്ജമ ചെയ്ത് ആവശ്യമായ കുറിപ്പുകളും വിശദീകരണങ്ങളും നൽകി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതിന്റെ പുറകിലുള്ള ദർശനവും പ്രയത്നവും വളരെയേറെ ശ്ലാഘനീയമാണ്. പള്ളി വികാരി ബഹുമാനപ്പെട്ട ഫാ. തോമസ് പി. മുകളിൽ അച്ചനും മക്കാബിയരുടെ പുസ്തകങ്ങളുടെ തർജ്ജമ നിർവ്വഹിച്ച് എഡിറ്റു ചെയ്തു തയ്യാറാക്കിയ സഹപ്രവർത്തകരും പള്ളിഭരണ സമിതി അംഗങ്ങളും നമ്മുടെ എല്ലാം ആദരവ് അർഹിക്കുന്നു.

യഹൂദചരിത്രത്തിൽ പ്രസിദ്ധയായിത്തീർന്ന രക്തസാക്ഷിയായ ധീരവനിത മർത്തശ്മൂനിയെ നാം അറിയുന്നത് മക്കാബിയരുടെ രണ്ടാം പുസ്തകം ഏഴാം അദ്ധ്യായത്തിലൂടെയാണ്. സുറിയാനി പാരമ്പര്യത്തിൽ അതിവിശുദ്ധയായി കരുതപ്പെടുന്ന ഈ അമ്മയുടെ പേരിൽ പള്ളികൾ സ്ഥാപിക്കപ്പെട്ടു. ക്രിസ്തുവിന് ഏതാണ്ട് 150 വർഷങ്ങൾക്കു മുമ്പ് ജീവിച്ച് തന്റെ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായിത്തീർന്ന മർത്തശ്മൂനി അമ്മയും അവരുടെ ഏഴു മക്കളും പിൽക്കാലത്ത് സുറിയാനി ക്രിസ്ത്യാനി പാരമ്പര്യത്തിന്റെ അവിഭാജ്യ ഘടകമായി. അവരുടെ പേരിൽ പള്ളികൾ സ്ഥാപിക്കുകയും പെരുന്നാൾ ആഘോഷിക്കുകയും നമ്മുടെ ആരാധനക്രമങ്ങളിൽ അവരുടെ വിശ്വാസധീരതയെ വിവരിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു. പെരിങ്ങനാട് പള്ളിപോലെ വളരെ ചുരുക്കം പള്ളികളെ ഉള്ളൂ മർത്തശ്മൂനി അമ്മയുടെ പേരിൽ. പ്രസിദ്ധമായ പുതുപ്പള്ളി വലിയപള്ളിയിൽ ഏഴു ത്രോണോസുകളിൽ ഒരെണ്ണം മർത്തശ്മൂനി അമ്മയുടെയും ഏഴു മക്കളുടെയും പേരിലാണ്.

അന്ത്യോക്കസ് എപ്പിഫാനസ് എന്ന ഗ്രീക്ക് സെലൂസിഡ് വംശജനായ രാജാവ് യെറുശലേം ദേവാലയം അശുദ്ധമാക്കി അവിടെ ഗ്രീക്കുകാരുടെ മഹാദേവനായ സ്യൂസിനെ പ്രതിഷ്ഠിക്കുകയും യഹൂദന്മാരെ അവർക്ക് നിഷിദ്ധമായിരുന്ന പന്നി മാംസം തീറ്റിക്കുകയും പരിച്ഛേദനാ ആചാരം നിർത്തലാക്കുകയും ചെയ്തു. ക്രിസ്തുവിനു മുമ്പ് മൂന്നാം നൂറ്റാണ്ടിൽ മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ സാമ്രാജ്യം പിന്നീട് വിഭജിക്കപ്പെട്ടപ്പോൾ അധികാരം പിടിച്ചെടുത്തവരാണ് സെലൂഡ് ഭരണാധികാരികൾ. ഗ്രീക്ക് ഭാഷയും ആചാരങ്ങളും തങ്ങൾക്കു വിധേയപ്പെടുന്ന രാജ്യങ്ങളിൽ അടിച്ചേൽപ്പിക്കുകയും മറ്റ് ഭാഷാ സംസ്കാരങ്ങളിൽപെട്ടവരെ നിർദ്ദയം കൊല്ലുകയോ അടിമകളാക്കുകയോ ചെയ്തു. അങ്ങനെയാണ് അന്ത്യോക്കസ് നാലാമൻ എപ്പിഫാനസ് യഹൂദവംശത്തെ മുഴുവൻ തന്റെ വരുതിയിലാക്കി ഗ്രീക്ക് ദേവനായ സ്യൂസിന്റെ പ്രതിമയ്ക്കു മുമ്പിൽ വണങ്ങി ധൂപാർപ്പണം നടത്താൻ നിർബ്ബന്ധിക്കുന്ന സാഹചര്യമുണ്ടായത്. കുറെയേറെ യഹൂദന്മാർ ഈ പരീക്ഷയിൽ വീണുപോയെങ്കിലും മർത്തശ്മൂനിയും അവരുടെ ഏഴു പുത്രന്മാരും സധൈര്യം രാജകല്പനയെ നിരസിച്ചു. അതിന്റെ ഫലമായി ആ അമ്മയുടെ മുമ്പിൽ വച്ച് തന്റെ കുഞ്ഞുങ്ങൾ ഓരോരുത്തരെയായി അതിനിഷ്ഠൂരമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു. ഓരോ കുട്ടിയും അങ്ങനെ വധിക്കപ്പെട്ടപ്പോൾ ആ അമ്മ മറ്റ് കുഞ്ഞുങ്ങളെ ധൈര്യപ്പെടുത്തി. അവർ ഓരോരുത്തരും രാജകല്പനയെ ധിക്കരിച്ച് രക്തസാക്ഷികളായിത്തീർന്നു. തന്റെ ഏഴു പുത്രന്മാരും ഒരേ ദിവസം കൊല്ലപ്പെടുന്നതിനു സാക്ഷിയായി നിന്ന ആ അമ്മ മക്കളോട് ഇങ്ങനെ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: “നിങ്ങൾ എന്റെ ഉദരത്തിൽ എങ്ങനെ ഉരുവായി എന്ന് എനിക്കറിഞ്ഞു കൂടാ. നിങ്ങൾക്ക് ജീവനും ജീവശ്വാസവും



നൽകിയത് ഞാനല്ല. നിങ്ങൾ ഓരോരുത്തനിലെയും അവയവങ്ങൾ ക്രമീകരിച്ചതും ഞാനല്ല. ആയതിനാൽ മനുഷ്യന്റെ ആരംഭത്തെ രൂപപ്പെടുത്തിയവനും സർവ്വ വസ്തുക്കളുടെയും ഉത്ഭവത്തെ നിർണ്ണയിച്ചവനുമായ ലോക സ്രഷ്ടാവ് അവന്റെ കാരുണ്യത്താൽ നിങ്ങൾക്ക് ജീവനും ജീവശ്വാസവും വീണ്ടും തരും. നിങ്ങൾ അവന്റെ ന്യായപ്രമാണത്തിനു വേണ്ടിയാണല്ലോ നിങ്ങളെത്തന്നെ വിസ്മരിക്കുന്നത്.”

സുറിയാനിയിൽ ‘സഹദാ’ എന്നാൽ രക്തസാക്ഷി എന്നാണല്ലോ അർത്ഥം. ഈ വാക്കിന്റെ മറ്റൊരു രൂപമായ ‘ഷഹീദ്’ ആണ് പേർഷ്യൻ, അറബി, ഉർദു, പഞ്ചാബി ഭാഷകളിൽ വരുന്നത്. എല്ലാ മതങ്ങളിലും അവരുടെ വിശ്വാസത്തിനുവേണ്ടി നിലകൊണ്ട് ജീവൻ നൽകുന്നവരെ ആദരിക്കാറുണ്ട്. പഞ്ചാബിലെ ജാലിയൻവാലാബാഗിൽ ചെന്നാൽ അവിടെ സിഖ് മതത്തിലെ സഹദാമാരുടെ ഒരു മ്യൂസിയം തന്നെയുണ്ട്. ഓരോരോ കാലഘട്ടങ്ങളിൽ വധിക്കപ്പെട്ട രക്തസാക്ഷികളുടെ ചിത്രങ്ങളും കഥകളുമാണ് അത് നിറയെ. ആധുനിക കാലത്ത് ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടി ചാവേറുകൾ ആകുന്നവരും അവരെ പിന്തു

ണയ്ക്കുന്നവർക്ക് സഹദാമാരാണ്. അപ്പോൾ രക്തസാക്ഷി എന്ന് മാത്രം പറഞ്ഞതുകൊണ്ടായില്ല; എന്തിനായിട്ടാണ് അവർ മരണം വരിച്ചത് എന്നു കൂടി ചിന്തിക്കണം. ക്രിസ്തീയ പാരമ്പര്യത്തിൽ ഒരു രക്തസാക്ഷിയെയും ഏതെങ്കിലുംതരത്തിലുള്ള ഭീകരവാദിയോ തീവ്രവാദിയോ ആയി മുദ്രകുത്താനാവില്ല. രക്ഷകനായ ക്രിസ്തുവിലുള്ള നിഷ്കളങ്കമായ വിശ്വാസം മൂലം സ്നേഹത്തിലും ക്ഷമയിലും തന്റെ വിശ്വാസത്തിനുവേണ്ടി ജീവത്യാഗം ചെയ്യുന്നവരാണ് ക്രിസ്തീയ രക്തസാക്ഷികൾ. ഗ്രീക്കു ഭാഷയിൽ martyr (marturos) എന്ന വാക്കിന് സാക്ഷി എന്നാണ് ശരിയായ അർത്ഥം. ദൈവസ്നേഹത്തെപ്രതി തങ്ങളുടെ രക്തം കൊടുത്ത് സാക്ഷിയാകുന്നതുകൊണ്ടാണ് രക്തസാക്ഷി എന്ന് ആ വാക്കിന് അർത്ഥം വന്നത്. ക്രിസ്തീയ പാരമ്പര്യത്തിൽ നമുക്ക് അതുല്യമായ മാതൃക യേശുവിന്റേതാണ്. നിഷ്കളങ്കനായിരുന്നു എങ്കിലും, യേശു ശത്രുക്കളാൽ കുരിശിൽ തറയ്ക്കപ്പെട്ടു. അപകടകാരിയായ ഒരു ഭീകരനെപ്പോലെയാണ് കർത്താവായ യേശു വിധിക്കപ്പെട്ടതും വധിക്കപ്പെട്ടതും. എന്നാൽ കുരിശിൽ കിടന്നു അതിവേദന അനുഭവിച്ചുകൊണ്ട് യേശു പ്രാർത്ഥിച്ച പ്രാർത്ഥന മഹാത്മാഗാന്ധിയെപ്പോലെ അനേകർക്ക് പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകി. "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ" എന്നാണല്ലോ ആ പ്രാർത്ഥന. അപ്പോൾ ക്രിസ്തീയ ചിന്തയിൽ 'സൊഹദൂസോ' അഥവാ രക്തസാക്ഷിത്വം എന്നു പറഞ്ഞാൽ സ്വന്തം ജീവനെപ്പോലും മറുവിലയായി കൊടുത്ത് ഈ ലോകത്തിൽ സ്നേഹവും അനുരഞ്ജനവും സമാധാനവും കൈവരുത്തുക എന്നതാണ്. പ്രതികാരമോ വിദ്വേഷമോ അതിലില്ല. ഇതാണ് യഥാർത്ഥമായ ദിവ്യ സാക്ഷ്യം.

മർത്തശ്മൂനിയും മക്കളും നിഷ്കളങ്കരായിരുന്നു. യഥാർത്ഥമായ ദൈവവിശ്വാസത്തെ തകർക്കുന്ന രാജാവിന്റെ ഉഗ്രശാസനത്തെ നിഷേധിച്ച് അവർ ജീവൻ വെടിഞ്ഞു. അവർ യാതൊരു ഭീകരപ്രവർത്തനങ്ങളും നടത്തിയില്ല. വെറുപ്പും വിദ്വേഷവും വമിക്കുന്ന യാതൊരു തീവ്രവാദങ്ങളിലും അവർ പെട്ടില്ല. അവരുടെ നിർമ്മലമായ വിശ്വാസത്തിന്റെ ശക്തിയിൽ ഉറച്ചുനിന്ന് ദൈവരാജ്യത്തിനുവേണ്ടി അവർ ലൗകിക അധികാരങ്ങളോട് എതിർത്തു നിന്നു. ഈ വലിയ പെരുന്നാളിന്റെ അവസരത്തിൽ ചില കാര്യങ്ങൾ കൂടി സൂചിപ്പിച്ചുകൊള്ളട്ടെ.

ബൈബിൾ പഴയനിയമത്തിൽ നിന്നും യഹൂദന്മാരുടെ ചരിത്രത്തിൽ നിന്നും സാത്വികരായ നിരവധി വ്യക്തികളെ പുതിയനിയമ ക്രിസ്തീയ സഭയിൽ വിശുദ്ധരുടെ ഗണത്തിൽ ചേർത്തിട്ടുണ്ട്. അബ്രഹാമും മോശയും പ്രവാചകരായ ഏലിയാവും യോനയും രക്തസാക്ഷിയായിത്തീർന്ന മർത്തശ്മൂനിയും അവരിൽ ചിലരാണ്. ആദാമിന്റെ മകൻ ഹാബേൽ മുതൽ യോഹന്നാൻ സ്നാപകന്റെ പിതാവായ സഖറിയാ പുരോഹിതനും അമ്മയായ എലിസബേത്തും വരെ നീളുന്ന വിപുലമായ ഒരു നിരയാണിത്. ഇവരിൽത്തന്നെ, ദൈവത്തിലുള്ള വിശ്വാസവും നിഷ്കളങ്ക ജീവിതവും പുലർത്തി, സത്യത്തിനും വേണ്ടി നിലകൊണ്ട്, രക്തസാക്ഷികളായിത്തീർന്നവർക്ക് ഇവിടെ പ്രത്യേക പരിഗണനയുണ്ട്.

പ്രധാനമായും രണ്ടു തരത്തിലാണ് ക്രിസ്തീയ സഭയിൽ പഴയനിയമത്തിലെ മാതൃകാവ്യക്തിത്വങ്ങളെ ഓർക്കുന്നത്.

**ഒന്നാമതായി,** കുട്ടികൾക്ക് മാമോദീസായിൽ പേരുകൾ നൽകുമ്പോൾ, യഹൂദചരിത്രത്തിലും അവരുടെ വേദപുസ്തകത്തിലും പരാമർശിക്കപ്പെടുന്ന ധാരാളം പേരുകൾ സ്വീകരിക്കപ്പെടുന്നു. അബ്രഹാമും ഇസഹാക്കും യാക്കോബും, ഹാബേലും ഹാനോക്കും നോഹയും, എസ്ഥേറും അക്സയും ഇയ്യോബും ഏലിസബേത്തും കാലേബും ഏലിയാസും മോശയും യോശുവായുമൊക്കെ മാമോദീസായിൽ നൽകപ്പെടുന്ന പേരുകളാണ്. അപ്പോസ്തലന്മാരുടെ പേരുകൾ എല്ലാംതന്നെ യഹൂദ പാരമ്പര്യത്തിൽ, എബ്രായ ഭാഷയിലോ ഗ്രീക്ക് ഭാഷയിലോ ഉള്ളതാണ്. ആ വഴിക്കും ക്രൈസ്തവർ പേരുകൾ സ്വീകരിക്കുന്നു. അപ്പോൾ ഈ പേരുകളിലൂടെ യഹൂദ ചരിത്രത്തിലെ അനേകം സംഭവങ്ങളും യുഗങ്ങളായി അസംഖ്യം മനുഷ്യർ നൽകിയ ദിവ്യ സാക്ഷ്യങ്ങളും, ദൈവത്തിന്റെ വിസ്മയകരമായ പ്രവർത്തികളും എല്ലാം അനാവരണം ചെയ്യപ്പെടുന്നു. ഓരോ പേരും ഓരോ ജനാലപോലെയാണ്. അത് തുറന്നുനോക്കുമ്പോൾ അതിവിശാലമായ ഒരു ചരിത്രദൃശ്യവും അവിടെ അരങ്ങേറുന്നു. സങ്കീർണ്ണമായ സംഭവങ്ങളും നമുക്കു മുമ്പിൽ തെളിയുന്നു. നല്ല മനുഷ്യർക്ക് സ്വീകാര്യമായ ഏതെങ്കിലുമൊരു സാത്വികഗുണം ഈ പേരുകൾക്കു പുറകിലുള്ള വ്യക്തികളിലുണ്ടാവും. അത് ഓർക്കാനും ആ നന്മയെ ജീവിതത്തിൽ




പകർത്താനുമായിട്ടാണ് കുഞ്ഞുങ്ങൾക്ക് മഹൽവ്യക്തികളുടെ പേരുകൾ നൽകുന്നത്.

കൂട്ടത്തിൽ പറയട്ടെ, ക്രിസ്ത്യാനികൾ ജന്മദിനം ആഘോഷിക്കുന്നതിനെ നല്ല ക്രിസ്തീയ പാരമ്പര്യം അനുകൂലിക്കുന്നില്ല. കാരണം ഇതാണ്: എല്ലാ മനുഷ്യർക്കും എല്ലാ ജന്തുക്കൾക്കും ജന്മദിനമുണ്ട്. ഈ ശാരീരിക ജനനം (biological birth) അർത്ഥപൂർണ്ണമാക്കുന്നത് മനുഷ്യർ അവരുടെ ജീവിതയാത്രയിലൂടെയാണ്. മനുഷ്യത്വത്തിന്റെ പ്രകാശപൂർണ്ണമായ അർത്ഥം ഒരാൾ സാക്ഷാത്കരിച്ചു എന്നു ലോകത്തിന് ബോധ്യമാകുന്നത് അയാൾ മരിക്കുമ്പോഴാണ്. അതുകൊണ്ട് ക്രിസ്തീയ പാരമ്പര്യത്തിൽ ജന്മദിനമല്ല, മനുഷ്യരുടെ ചരമദിനമാണ് ആഘോഷിക്കപ്പെടുന്നത്. വിശുദ്ധരുടെ പെരുന്നാളുകൾ അവരുടെ മരണത്തെയാണ് കൊണ്ടാടുന്നത്.

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു" (2 തീമോ. 4:7-8). ഈ ആധ്യാത്മിക പോരാട്ടവും നിരന്തരമായ ആത്മിക മുന്നേറ്റവും വിശ്വാസത്തിന്റെ പരിപോഷണവും ഒരു മനുഷ്യന്റെ ജീവിതകാലത്ത് നിർവ്വഹിക്കേണ്ടതാണ്." അതിന്റെ പൂർത്തീകരണമായ മരണത്തോടു കൂടി മാത്രമേ നമ്മുടെ ജീവിതത്തിന്റെ അർത്ഥവും സാക്ഷ്യവും തെളിയുകയുള്ളു.

എന്നാൽ ഈയടുത്ത കാലത്തായി, പാരമ്പര്യം ലംഘിച്ച്, സഭാധ്യക്ഷന്മാർ വരെ വളരെ ആഘോഷമായി ജന്മദിനം കൊണ്ടാടുകയും സഭാപ്രസ്ഥാനങ്ങളും മറ്റും ഇറക്കുന്ന കലണ്ടറുകളിൽ മേൽപ്പട്ടക്കാരുടെ ജന്മദിനം രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇത് പഴയ ഫ്യൂഡൽ വ്യവസ്ഥിതിയിലേക്കുള്ള തിരിച്ചുപോക്കും അർത്ഥപൂർണ്ണമായ നല്ല ഒരു ക്രിസ്തീയ പാരമ്പര്യത്തിന്റെ നിഷേധവുമാണ്. നമ്മുടെ ജനാധിപത്യ രാഷ്ട്രീയ വ്യവസ്ഥയിൽ പഴയ രാജകീയ-ഫ്യൂഡൽ ആചാരം ഉപേക്ഷിക്കപ്പെട്ടു. മുഖ്യമന്ത്രിയുടെയോ പ്രധാനമന്ത്രിയുടേയോ ജന്മദിനം രാജ്യവ്യാപകമായി ആഘോഷിക്കുന്ന രീതി ഇല്ലല്ലോ.

എന്നാൽ ജന്മദിനത്തിനു പകരം മറ്റൊരു ദിനം സഭാപാരമ്പര്യം നിർദ്ദേശിക്കുന്നുണ്ട്. അത് മാമോദീസായുടെ ദിനവും അന്ന് ലഭിച്ച പേരിന്റെ ധ്യാന

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

പൂർവ്വമായ അനുസ്മരണവുമാണ്. Patron's Day, Feast Day എന്നൊക്കെ ഇംഗ്ലീഷിൽ അറിയപ്പെടുന്നത് വീണ്ടുംജനനത്തിന്റെ ഓർമ്മയും ആഘോഷവുമാണ്. മനുഷ്യജന്തുവായി ജനിച്ചതിലല്ല, ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമായി, ക്രിസ്തുഭാവം കൈവരിച്ച്, പുതിയ സൃഷ്ടിയായി പുനർജനിക്കുന്നതിലാണ് ഈ അനുസ്മരണത്തിന്റെ പ്രാധാന്യം. നമുക്ക് ലഭിച്ച പുതിയ പേരിന് ഇവിടെ സവിശേഷമായ അർത്ഥമുണ്ട്. അതാണ് നാം ആഘോഷിക്കുന്നത്. "ആഘോഷ"മെന്ന് പറഞ്ഞതുകൊണ്ട്, പാശ്ചാത്യരെ അനുകരിച്ച് കേക്ക് മുറിക്കലും മെഴുകുതിരി ഊതിക്കെടുത്തലും സമ്മാനങ്ങൾ സ്വീകരിക്കുന്നതുമല്ല ഉദ്ദേശിക്കുന്നത്. നന്ദിയോടും സ്തോത്രത്തോടും കൂടി നമ്മുടെ പേരിന് കാരണമായ വിശുദ്ധ വ്യക്തിയെ ഓർത്ത്, ആ വ്യക്തിയിൽ തിളങ്ങിയ ഏതെങ്കിലുമൊരു നന്മയെങ്കിലും അനുകരിക്കാൻ കഴിയുന്നിടത്തോളം ശ്രമിക്കയും അതിനായി മറ്റുള്ളവരുടെ പ്രാർത്ഥനാ സഹായം തേടുകയുമാണ് ഇവിടെ ചെയ്യുന്നത്. ശിശുവായിരിക്കുമ്പോൾ മാമോദീസാ ഏറ്റവർക്ക് ഓരോ വർഷവും അതിന്റെ അർത്ഥം കൂടുതൽ മനസ്സിലാക്കാനും ഈ ആചരണം സഹായിക്കുന്നു.

**രണ്ടാമതായി,** വി. കുർബാന തക്സായിൽ, ഒരുക്കശുശ്രൂഷ (തൂയാബാ) യിൽ നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയിൽ 'ആദാമും ഹവ്വയും മുതൽ ഇന്നുവരെ ദൈവത്തെ പ്രീതിപ്പെടുത്തിയിട്ടുള്ള സകല മനുഷ്യരെയും ഞങ്ങൾ ഓർക്കുന്നു' എന്നൊരു വാക്യമുണ്ട്. കാസയും പീലാസയും എടുത്ത് പിണച്ചു ഉയർത്തി ചൊല്ലുന്ന ഈ മദ്ധ്യസ്ഥപ്രാർത്ഥനയുടെ അർത്ഥം അതിവിപുലമാണ്. കർത്താവായ യേശുവിന്റെ മനുഷ്യാവതാരത്തോട് ബന്ധപ്പെട്ട എല്ലാ ആളുകളെയും സംഭവങ്ങളെയും ഓർത്ത്, വിശുദ്ധ ബലിയർപ്പിക്കപ്പെടുന്ന ദേവാലയത്തിന്റെ പണിയിൽ സഹകരിച്ചിട്ടുള്ളവരെയും, അതാതു സന്ദർഭത്തിൽ വി. കുർബാനയിൽ ഓർമ്മയ്ക്കായി എഴുതപ്പെട്ടിരിക്കുന്ന പേരുകളെയും ഓർത്ത് സർവ്വ സൃഷ്ടിക്കുംവേണ്ടി പ്രാർത്ഥിക്കുന്ന പശ്ചാത്തലത്തിലാണ് മേൽപ്പറഞ്ഞ പ്രാർത്ഥനാവചനം വരുന്നത്. ആദ്യമനുഷ്യരായ ആദമിന്റെയും ഹവ്വയുടെയും മതം എന്തായിരുന്നു എന്നോ, അവർ ഏത് വംശത്തിൽപെട്ടവരായിരുന്നു എന്നോ ആരും ചോദിക്കയില്ലെന്നു വിചാരിക്കട്ടെ. ഇന്നു നാം മനസ്സിലാക്കുന്ന രീതിയിലുള്ള മതങ്ങളുടെ ചട്ടക്കൂട്ടുകൾക്കപ്പുറത്ത് വർഗ്ഗത്തിന്റെയും ജാതിയുടെയും മേൽക്കൂരകൾക്കതീതമായി മനുഷ്യരാശിയെ ഒന്നായി കാണുകയാണ് ഈ പ്രാർത്ഥനയിൽ. മനുഷ്യനന്മയുടെയും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പാതയിൽ സഞ്ചരിച്ചിട്ടുള്ള എല്ലാ മനുഷ്യരെയുമാണ് നാമീ പ്രാർത്ഥനയിൽ ഓർക്കുന്നത്.

ദൈവമക്കളായ നമ്മുടെ സഹജവും വിശാലവുമായ കാഴ്ചപ്പാടുകളെ ചുരുക്കി ചുരുക്കി '൦' വട്ടത്തിലൊതുക്കാനും പരസ്പരം പൊരുതാനും പഠിപ്പിക്കുന്ന മതാചാര്യന്മാരും രാഷ്ട്രീയ നേതാക്കളും വർദ്ധിച്ചുവരുന്ന ഈ ആസുരകാലത്ത് ഈ പ്രാർത്ഥനാസ്മൃതിയുടെ വിശാലതയിലേക്ക് നാം പ്രവേശിക്കണം.

യഹൂദ പാരമ്പര്യത്തിലുള്ള കഥാപാത്രങ്ങളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചുമാണ് നാം പറഞ്ഞു തുടങ്ങിയത് - പ്രത്യേകിച്ചും മർത്തശ്മൂനി എന്ന വിധവയായ അമ്മയും അവരുടെ ഏഴു മക്കളും തങ്ങളുടെ വിശ്വാസത്തിനുവേണ്ടി ക്രൂരമായവിധം രക്തസാക്ഷിമരണം പ്രാപിച്ചതിനെക്കുറിച്ച്. ഇവിടെ ഒരു കാര്യം നാം ഓർക്കണം, പഴയനിയമം ക്രിസ്ത്യാനികൾക്ക് പ്രസക്തമാവുന്നത് കർത്താവായ യേശുക്രിസ്തുവും താൻ പഠിപ്പിച്ച സ്നേഹത്തിന്റെ പുതിയനിയമവും മൂലമാണ്. പഴയനിയമത്തിലെ നീതിമതികളും വിശ്വാസ പ്രബുദ്ധരുമായ ആളുകൾ തങ്ങളുടെ വിമോചനത്തിനും രക്ഷയ്ക്കുമായി ദൈവത്തിന്റെ 'അഭിഷിക്തൻ' അഥവാ 'മശിഹാ'യ്ക്കു വേണ്ടി കാത്തിരുന്നവരാണ്. നസ്രായനായ യേശുവാണ് മശിഹാ (ഗ്രീക്കു ഭാഷയിൽ Christos അഥവാ ക്രിസ്തു) എന്ന് തിരിച്ചറിഞ്ഞ് വിശ്വസിച്ചവരാണ് യേശുവിന്റെ ആദ്യകാല ശിഷ്യന്മാരും അവരുടെ പിൻഗാമികളും. അപ്പോൾ മശിഹായ്ക്കുവേണ്ടി കാത്തിരിക്കുകയും ദൈവരാജ്യത്തിന്റെ നീതിയും നന്മകളും വിശ്വാസവും പ്രത്യാശയും തങ്ങളുടെ ജീവിതത്തിൽ പ്രകടിപ്പിക്കയും പഴയനിയമ വ്യക്തികളെ നാം ആദരിക്കുകയും ക്രിസ്തീയ പാരമ്പര്യത്തിന്റെ മുന്നോടികളായി അവരെ കരുതുകയും ചെയ്യുന്നു. അതിന്റെ അവസാനത്തെ കണ്ണികളാണ് സഖറിയാ പുരോഹിതനും ഭാര്യയായ എലിസബേത്തും അവരുടെ പുത്രനായ യോഹന്നാൻ സ്നാപകനും. ആദമും ഹവ്വയും മുതൽ കർത്താവിന്റെ മുന്നോടിയായി വഴിയൊരുക്കിയ സ്നാപക യോഹന്നാൻ വരെയുള്ള എല്ലാ മനുഷ്യരും കർത്താവിന്റെ ആത്മിക വംശാവലിയിൽപെടുകയും, പരോക്ഷമായി ക്രിസ്തീയ സഭയുടെ അംഗങ്ങളായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു. ഇക്കൂടെയാണ് രക്തസാക്ഷികളായ മർത്തശ്മൂനിയും ഏഴു മക്കളും ക്രിസ്തീയ സഭയുടെ വിശ്വാസധാരയിൽ പ്രവേശിക്കുന്നത്. അവരുടെ പ്രാർത്ഥന നമുക്ക് അനുഗ്രഹകാരണമാകട്ടെ.



**കോട്ടയം ഭദ്രാസനത്തിലെ തൃക്കോതമംഗലം സെന്റ് ജെയിംസ് ഓർത്തഡോക്സ് പള്ളി, ദേവാലയ പുനരുദ്ധാരണ ശിലാസ്ഥാപനം ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് നിർവഹിച്ചു.**



**പൗരോഹിത്യ ശുശ്രൂഷയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയ്ക്ക് മാതൃ ഇടവകയായ കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ തീർത്ഥാടന കേന്ദ്രത്തിന്റെ ആദരസൂചകമായി മൊമെന്റോ നൽകുകയും പൊന്നാട അണിയിക്കുകയും ചെയ്തു.**



**ക്യാൻ ഫിലിം അവാർഡ് നേടിയ തുമ്പമൺ ഇടവകാഗം പ്രദീപ് ചെറിയാനെയും ഭാര്യയെയും ബോധിഗ്രാമിൽ ആദരിച്ചപ്പോൾ.**


ചരിത്രരേഖ

# എഴുത്തുകളുടെ നമ്പർ ബുക്ക്

## പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

### മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

### എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.



482. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. 102 ഇടവം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

483. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

484. ഇ. ജെ. ഫീലിപ്പോസ് വക്കീലിന്. കേസുകളെക്കുറിച്ചും മറ്റും. 102 ഇടവം 4-നു പരുമല സിമ്മനാരി.

485. കെ. സി. ഈപ്പന്. കേസിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

486. തേരകത്തു ചെറിയാൻകുഞ്ഞിന്. കൈപ്പട്ടൂർ പള്ളിക്കാര്യങ്ങൾ ഇപ്പോൾ ഒരുവിധം ശാന്തമായിരിക്കുന്നു എന്നറിയുന്നതുകൊണ്ടു തൽക്കാലം അങ്ങോട്ടു വരുന്നില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

487. കൈപ്പട്ടൂർ പള്ളിക്കാർക്കു. ടി കാര്യങ്ങളിൽ മേലാൽ സമാധാനത്തിൽ വർത്തിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

488. പാറേട്ട് മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി സംബന്ധിച്ച ചില സംഗതികളും മറ്റും. 102 ഇടവം 4-നു പരുമല സിമ്മനാരിയിൽ നിന്നും.

489. ചാക്കാലയിൽ എന്നു വിളിച്ചുവരുന്ന നെടുവേലി .... നേന്ത്രവേലി കൊന്നയിൽ ഗീവറുഗീസ് യോഹന്നാൻ മുതൽപേർക്കു. നിങ്ങളുടെ അപേക്ഷ കിട്ടി. ഈ മാസം 4-നു പള്ളിക്കു ഒരു കല്പന അയച്ചിട്ടുണ്ട്. നിങ്ങൾ പള്ളിക്കാർ തമ്മിൽ ക്ഷമിച്ചും സഹിച്ചും സമാധാനപ്പെടണം. ഉടൻ നമുക്കു അങ്ങോട്ടു പുറപ്പെടുവാൻ സാധിക്കയില്ലെങ്കിലും അധികം താമസിയാതെ വന്നു വഴക്കുകൾ കേട്ടു തീരുമാനിക്കുന്നതാണ്. എന്നു 102 ഇടവം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

490. കൊച്ചുമെത്രാച്ചനു. കൊച്ചുമട്ടയ്ക്കൽ കത്തനാരുടെ ചിട്ടിപ്പണത്തെപ്പറ്റി അവിടത്തെ ഇഷ്ടംപോലെ ചെയ്തുകൊള്ളണമെന്നും മറ്റും. 102 ഇടവം 9-നു പരുമല സിമ്മനാരിയിൽ നിന്നും.

491. തട്ടാമ്പാറ മത്തായിപ്പിള്ളയ്ക്കു. ടിയാന്റെ മകൻ ശെമ്മാശനെക്കുറിച്ചും ഔഗേൻ റമ്പാന്റെ സ്ഥാനത്തെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

492. പി. എം. ചാണ്ടിക്കു. വർത്തമാനങ്ങൾക്കു.

493. പി. ജെ. ഉതുപ്പ് മാസ്റ്റർക്കു. ടിയാൻ സ്കൂളിൽ നിന്നു പിരിഞ്ഞതിനെപ്പറ്റിയും മറ്റും ഉള്ള സംഗതികൾ. ടി തീയതി. ടി സ്ഥലം.

494. മട്ടയ്ക്കൽ മല്പാനു. അവുഗേൻ റമ്പാന്റെ സ്ഥാനം, സമരിക്കേസു, ... മുതലായവ സംബന്ധിച്ചു. 102 ഇടവം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

495. പാറേട്ട് മാത്യൂസ് കശീശായ്ക്കു. എം.ഡി. സിമ്മനാരി സംബന്ധമായ കാര്യങ്ങൾ. 102 ഇടവം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

496. പാലപ്പിള്ളിൽ പൗലൂസ് കശീശായ്ക്കു. സഭാ വർത്തമാനങ്ങൾ മുതലായതു. ടി സ്ഥലം. ടി തീയതി.

497. പ്ലാന്തോപ്പിൽ യാക്കോബ് കത്തനാർക്കു. പന്തളത്തു പട്ടക്കാർ തമ്മിൽ ഉള്ള രസമില്ലായ്മയെപ്പറ്റി കൊച്ചുമെത്രാച്ചന്റെ അടുക്കൽ അറിയിച്ചു വേണ്ടതു ചെയ്യിക്കുന്നതു സന്തോഷമായിരിക്കുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

498. വടക്കേതലയ്ക്കൽ സ്കറിയാ കത്തനാർക്കു. പാലത്തുപാട്ടു കിഴക്കേതിൽ വറുഗീസിന്റെയും ചിറപ്പാട്ടു വീട്ടിന്റെ പുത്രന്മാർക്കു ഫ്രീ ഫീസ് അനുവദിപ്പാൻ നിവൃത്തിയില്ലെന്നും ഗവണ്മെന്റിൽ നിന്നു കിട്ടുന്ന ഫീസ് കൺസഷൻ ഈ കുട്ടികൾക്കു കിട്ടത്തക്കവണ്ണം താൻ ഉത്സാഹിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

499. കിഴക്കേഅറ്റത്തു കുഞ്ഞപ്പനു. വർത്തമാനങ്ങൾ. ടി തീയതി. ടി സ്ഥലം.

500. റ്റി. റ്റി. കോര വാദ്ധ്യാർക്കു (മൂവാറ്റുപുഴ). സഭാ വർത്തമാനങ്ങൾ അറിയിച്ചുതരുന്നതിനും മറ്റും. ടി തീയതി. ടി സ്ഥലം.

501. പി. പി. തൊമ്മൻ മാസ്റ്റർക്കു. ചി കാര്യങ്ങൾക്കും മറ്റും. 102 ഇടവം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

502. വല്യമണ്ണിൽ യോഹന്നാൻ കശീശായ്ക്കു. മകൻ കൗമ്മാ ബി.എ. പാസ്സായതിൽ സന്തോഷിക്കുന്നുയെന്നും മറ്റും. 102 ഇടവം 11-നു പരുമല സിമ്മനാരി.

503. തേവർവേലിൽ യൗസേപ്പു ശെമ്മാശനു. തട്ടാമ്പാറ മത്തായി പിള്ളയുടെ മകൻ എം.ഡി. യിൽ പഠിക്കുന്ന ശെമ്മാശനെക്കുറിച്ചു.

504. വടക്കേക്കുറ്റു പാപ്പിക്കു. ഉതുപ്പു മാസ്റ്ററുടെ മകനെ എം.ഡി. യിൽ നിയമിക്കുന്നതിനു യാതൊരു നിർവാഹവുമില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

505. പഴഞ്ഞി പള്ളിയിൽ കശീശന്മാർക്കു. പ്രിയരെ, ഈ മാസം 4-നു

നിങ്ങൾ അയച്ച അപേക്ഷ നമുക്കു കിട്ടി. സങ്കടക്കാരിയായ മാത്തിരി എന്ന വിധവയുടെ മകൾ മറിയാമിന്റെ ഭർത്താവ് ദേശം വിട്ടു പോയിരിക്കയാണല്ലോ. ടിയാൻ മരിച്ചുപോയതായോ ക്രിസ്ത്യാനി മതം ഉപേക്ഷിച്ചു അന്യജാതിയിൽ ചേർന്നതായോ സൂക്ഷ്മമായ അറിവു കിട്ടുന്നതുവരെ ടി മറിയം എന്ന സ്ത്രീയെ വേറൊരുവനു വിവാഹം ചെയ്യിച്ചുകൊടുക്കുന്നതിനു പാടില്ലാത്തതുകൊണ്ടു അതു അനുവദിക്കത്തക്കതല്ല. നാം അതിനെ അനുവദിക്കുന്നതുമല്ല. ഈ വിധത്തിലും അല്ലാതെയും സങ്കടം അനുഭവിക്കുന്ന പുരുഷന്മാരും സ്ത്രീകളും നമ്മുടെ സഭയിൽ എന്നു മാത്രമല്ല മറ്റു ക്രിസ്തീയ സഭകളിലും പലരുണ്ട്. ഇങ്ങനെയുള്ളതു അനുവദിച്ചു കൊടുക്കയെന്നു വച്ചാൽ സഭ അഴിഞ്ഞു പോകുമെന്നുള്ളതു നാം പ്രത്യേകം നിങ്ങളോടു പറയണമെന്നില്ലല്ലോ. അതിനാൽ ദേശം വിട്ടുപോയ പുരുഷനെ സംബന്ധിച്ചു സൂക്ഷ്മമായ അറിവു ലഭിക്കുന്നതുവരെ അപേക്ഷ അനുവദിക്കത്തക്കതല്ലെന്നു ടി വിധവയോടു പറഞ്ഞുകൊള്ളണം.

പെന്തിക്കുസ്തി ദിവസങ്ങളിൽ വിവാഹം പാടില്ലെന്നു നമ്മുടെ കാനോൻ വിരോധിച്ചിരിക്കുന്നതാണ്. തിങ്കളാഴ്ച പാടില്ലെന്നല്ല, അതു ഞായറാഴ്ചയായാലും തിങ്കളാഴ്ചയായാലും പാടില്ലെന്നതാണ്. കോട്ടയം മുതൽ തെക്കോട്ടുള്ള നമ്മുടെ പള്ളികളിൽ ഈ നിയമം കൃത്യമായി ആചരിച്ചു വരുന്നില്ല. നവീകരണക്കാർ മുതലായ അന്യ സഭക്കാരുടെ നടപടികളെ കണ്ടു പഠിച്ച് ഈ ദേശങ്ങളിലുള്ള നമ്മുടെ പള്ളികളെല്ലാം വളരെക്കാലമായി നടന്നുവരുന്നതുകൊണ്ടു പെട്ടെന്നു അവയെ നിർത്തൽ ചെയ്യുന്നതിനു കഴിവില്ലാതെ തീർന്നിരിക്കുന്നതാണ്. വടക്കൻ പള്ളികളിൽ നമ്മുടെ കാനോൻ അനുസരിച്ച് തന്നെയാണല്ലോ ഇരിക്കുന്നതു. അവിടെയും കൂടെ ഈ നിയമലംഘനം നടപ്പിലാക്കുന്നതു നന്നല്ലെന്നു നാം പറയണമെന്നില്ലല്ലോ. അതിനാൽ തെക്കൻ പള്ളികളിലെപ്പോലെ ഈ സംഗതിയിൽ നടത്താതെ നമ്മുടെ കാനോൻ അനുസരിച്ചു തന്നെ നടന്നുവരുന്ന നമ്മുടെ വടക്കൻ പള്ളികളിൽ കൂടെ നിയമലംഘനമായ ഈ നടപടിക്കു വഴിതുറന്നു കൊടുക്കുന്നതു നന്നല്ലെന്നും അതിലേക്കുത്സാഹിക്കുകയോ നിർബന്ധിക്കുകയോ ചെയ്യരുതെന്നും അവിടത്തെ നമ്മുടെ ഇടവക പ്രധാനികളായ പുലിക്കോട്ടിൽ ചുമ്മാരു മാത്തപ്പൻ മുതൽപേരോടു നിങ്ങൾ ശക്തിയായി ഗുണദോഷിക്കുന്നപക്ഷം നിയമലംഘനമായ ഈ നടപടിക്കു അവർ ഒരുമ്പെടുകയോ അതിലേക്കു നിങ്ങളെ നിർബ്ബന്ധിക്കയോ ചെയ്കയില്ലെന്നു നാം പൂർണ്ണമായി വിശ്വസിക്കുന്നു. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയക്കുന്നതാകുന്നു.

എന്നു 102 ഇടവം 11-നു പരുമല സിമ്മനാരിയിൽ നിന്നും.

506. ഇ. ജെ. ഫീലിപ്പോസ് വക്കീലിന്. മദ്രാസിനു പോകുന്ന കാര്യത്തെക്കുറിച്ചും മറ്റും വിവരം ഉടനെ അറിയിച്ചുതരണമെന്നു. 102 ഇടവം 12-നു പരുമല സിമ്മനാരി.

507. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. 102 ഇടവം 12-നു പരുമല സിമ്മനാരി.

508. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. ... യാത്രയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

509. പാറേട്ടു കത്തനാർക്കു. എം.ഡി. സ്കൂൾ സംബന്ധമായ കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

510. പുലിക്കോട്ടു ശെമ്മാശനു. സഭാ മാസികയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

511. തേവർവേലിൽ ഇടിച്ചാണ്ടിക്ക്. അനുജൻ പാപ്പിയുടെ മരണത്തിൽ അനുശോചിക്കുന്നു. എന്നു. ടി തീയതി. ടി സ്ഥലം.

512. ...ക്കില്ലത്തു മൂത്തകുഞ്ഞിനു. അനുജൻ ... ന്റെ മരണത്തിൽ അനുശോചിക്കുന്നുയെന്നും മറ്റും.

513. ... കുഞ്ഞൂഞ്ഞിനു. ചന്ദനപ്പള്ളി പള്ളിയെ സംബന്ധിച്ചു ഒരു കൂട്ടർക്കുള്ള ദുശ്ശാഠ്യം മുതലായവയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

514. പുത്തൻകാവു പള്ളിക്കാർക്കു. അവിടെ പള്ളിയിൽ ഓരോ സംഗതികളെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസവും വഴക്കും യോജിപ്പില്ലായ്മയും ഉണ്ടെന്നു അറിയുന്നു. കഴിയുന്നതുംവേഗം അവ തീർത്തു നിങ്ങളെ യോജിപ്പിക്കണമെന്നു നാം വിചാരിക്കുന്നു. അതിനായി പെന്തിക്കോസ്തി കഴിഞ്ഞാലുടൻ നാം അവിടേക്കു വരുന്നതാണ്. 102 ഇടവം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

515. ഇ. ജെ. ഫീലിപ്പോസ് വക്കീലിന്. കേസിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

516. വടുതല ഈശോ കത്തനാർക്കു. മകൻ ക്ലേറിയെ (പിന്നീട് ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ - എഡിറ്റർ) ഇംഗ്ലീഷു പഠിച്ചുകൊണ്ടു പഴയസിമ്മനാരിയിൽ താമസിപ്പാൻ നിവൃത്തിയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

517. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി സംബന്ധിച്ച കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

518. മട്ടയ്ക്കൽ മല്പാന്. പുതുവലിന്റെ കാര്യങ്ങൾക്കും മറ്റും. ഇടവം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

519. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. ...

520. പ്ലാന്റർ കൊച്ചുമ്മന്. സഭാസംബന്ധമായ ഡെപ്യൂട്ടേഷൻ ഒസ്താത്തിയോസ്, യൂലിയോസ് ... 102 ഇടവം 20-നു പരുമല സിമ്മനാരി.

521. പി. പി. തൊമ്മൻ മാസ്റ്റർക്ക്. ടി കാര്യങ്ങൾ.

522. കൊച്ചുമെത്രാച്ചന്. തുമ്പമൺ മെത്രാസന ... നിശ്ചയങ്ങൾ ... വർത്തമാനങ്ങൾ.

523. പഴഞ്ഞി പള്ളിക്കാർക്കു. ... മുതലായവ നടത്തുന്നതിനും ക്രമേണ ... നടത്തുന്നതിനുതകട്ടെ ... കല്പന അയക്കണമെന്നു ... അവരുടെ ... വേലയെ സഹായിച്ച് സഫലമാക്കിത്തീർക്കണമെന്നും മറ്റും. 102 ഇടവം 20-നു പരുമല സിമ്മനാരിയിൽ നിന്നും.

524. കൊള്ളന്നൂരു വറിയതു ഉതുപ്പു മുതൽപേർക്കു. പെങ്ങാമുക്കു ദേശത്തു ഒരു ദൈവിക പൊതുസ്ഥാപനം പണിയുന്ന കാര്യത്തെക്കുറിച്ചു നിങ്ങൾ അയച്ച അപേക്ഷ കിട്ടി. അതുപ്രകാരം പഴഞ്ഞി പള്ളിക്കു ഒരു കല്പന അയച്ചിട്ടുണ്ട്. പള്ളിയിൽ നിന്നും സഹായിക്കാതിരിക്കയില്ല. നിങ്ങളുടെ സദുദ്യമത്തിൽ സർവ്വശക്തൻ സഹായിക്കുന്നതിനായി പ്രാർത്ഥിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

**102 ഇടവം 22-നു ഔഗേൻ തീമോത്തിയോസ് മെത്രാൻ കഴിഞ്ഞ വെള്ളിയാഴ്ച (20-നു) യൂലിയോസുമൊരുമിച്ച് ഊർശ്ലേമിൽ നിന്നും ആലുവായിൽ എത്തിയിട്ടുണ്ട്. ... മെത്രാൻസ്ഥാനം കൊടുത്തതായി അറിയുന്നു.**

525. മട്ടയ്ക്കൽ മല്പാനു. തീമോത്തിയോസ് മെത്രാന്റെ വരവിനെക്കുറിച്ചും മറ്റും. ഇടവം 23-നു പരുമല സിമ്മനാരിയിൽ നിന്നും.

526. പാലപ്പിള്ളിൽ കത്തനാർക്കു. ടി കാര്യങ്ങളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

527. പാറേട്ടു കത്തനാർക്കു. സ്കൂൾ കാര്യങ്ങൾ.

528. പി. റ്റി. ഈപ്പന്. ... ന്റെ പേർക്കു കൊടുത്തയക്കേണ്ട എഴുത്തു കിട്ടിയതിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

529. പുല്ലമ്പിലായിൽ മത്തായി മത്തായി. ടിയാന്റെ അപ്പന്റെ മരണത്തെക്കുറിച്ചു അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

530. മിസ് ബ്രൂക്ക്സ്മിത്തിന്. തിരുമൂലപുരം സ്കൂളിനെ സംബന്ധിച്ചയച്ച എഴുത്തു തിരികെയെത്തിയതിനെക്കുറിച്ചും ഡോർമിറ്ററി ഹാൾ തീർന്നതിനെക്കുറിച്ചു സന്തോഷിച്ചും. ടി തീയതി. ടി സ്ഥലം.

531. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്കു. യൂലിയോസിന്റെയും, തീമോത്തിയോസിന്റെയും വടകര സന്ദർശനത്തെപ്പറ്റിയും ... ക്കുറിച്ചും മറ്റും. 102 ഇടവം 24-നു പരുമല സിമ്മനാരിയിൽ നിന്നും.

532. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. ടി സംഗതിക്കും വിശേഷ വർത്തമാനങ്ങൾ അറിയിച്ചുതരുന്നതിനും. ടി തീയതി. ടി സ്ഥലം.

533. പുലിക്കോട്ടിൽ ശെമ്മാശനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

534. ജോൺ വക്കീലിനു. കേസിന്റെ കാര്യത്തെക്കുറിച്ചും തീമോത്തിയോസിന്റെയും മറ്റും വരവിനെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

535. കുറുന്തോട്ടത്തിൽ പീലിപ്പോസു കത്തനാർക്കു. പ്രിയനെ, മതാപ്പാറ പള്ളിയിൽ അവിടത്തെ ഇടവകപട്ടക്കാരനായ തെങ്ങുംതോട്ടത്തിൽ അബ്രഹാം കത്തനാർ കത്തനാരുപട്ടമേറ്റു പുത്തൻ കുർബ്ബാന ചൊല്ലിയതിന്റെ ശേഷം അയാളും കൂടി അയാളുടെ സൗകര്യംപോലെ കർമ്മങ്ങൾ നടത്തുകയും ...

അവിടെ നിന്നൊഴിക്കയോ അബ്രഹാം കത്തനാരെ മാത്രം അവിടത്തേക്കു സ്ഥിരപ്പെടുത്തി നിയമിക്കയോ ചെയ്യാതെ ...

537. ഇ. ജെ. ഫീലിപ്പോസ് വക്കീലിന്. വട്ടിപ്പണക്കേസിനെക്കുറിച്ചും മറ്റും. 102 ഇടവം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

538. കിഴക്കേറ്റത്തു കുഞ്ഞപ്പനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

539. നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ പുനലൂർ വാളക്കോട്ടു പള്ളിക്കാരായ വെട്ടിത്തിട്ട കിഴക്കേവീട്ടിൽ കോശി ഗീവറുഗീസിനും, ചരുവിള പുത്തൻവീട്ടിൽ പോത്ത ഗീവറുഗീസിനും, വെട്ടിക്കാട്ടഴികത്തു സി. കെ. ഉണ്ണൂണ്ണിപ്പിള്ളയ്ക്കും വാഴ്വ്.

പ്രിയരെ, നിങ്ങൾ ഈ മാസം 22-നു നമുക്കയച്ച അപേക്ഷ മുതലായ ...ത്തിൽ നിങ്ങളുടെ വാദം അനാവശ്യമായിട്ടുള്ളതാണ്. നിങ്ങളുടെ ഈ അനാവശ്യ വാദത്തിൽ നമ്മെക്കൂടി പങ്കുപിടിക്കാമെന്നു വിചാരിച്ചു പുറപ്പെട്ടതിൽ നാം അതിശയിക്കയും, സർവ്വശക്തൻ നിങ്ങൾക്കു വിവേകത്തിന്റെയും സമാധാനത്തിന്റെയും ആത്മാവിനെ തരുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈവിധമുള്ള അനാവശ്യ തർക്കങ്ങ ... ദൈവം അനുഗ്രഹിക്കുമാറാകട്ടെ. എന്നു 1927-നു കൊല്ലം 1102 ഇടവം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

540. കൊച്ചുമെത്രാച്ചനു. പുനലൂർ വാളക്കോട്ടു പള്ളിക്കാരിൽ മുൻ 539-ാം കല്പനയിൽ പേരു വരുന്നവർ നമുക്കയച്ചുതന്ന അപേക്ഷ മുതലായതു അവിടേക്കയക്കുന്നുയെന്നും മറ്റും. 102 ഇടവം 26-നു പരുമല സിമ്മനാരി.

541. റ്റി. റ്റി. കോര വാദ്ധ്യാർക്കു. വടകര വർത്തമാനങ്ങൾ അറിഞ്ഞതിൽ സന്തോഷിക്കുന്നുയെന്നും മറ്റും. 102 ഇടവം 27-നു പരുമല സിമ്മനാരിയിൽ നിന്നും.

542. പി. പി. തൊമ്മൻ മാസ്റ്റർക്കു. ടി കാര്യങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

543. ദാനിയേൽ അപ്പോത്തിക്കിരിക്കു. പുനലൂർ കിഴക്കേപ്പള്ളിയെ സംബന്ധിച്ചും, വികാരി മത്തായി കത്തനാരെക്കുറിച്ചും ചില തർക്കങ്ങൾ ... ഉത്ഭവിച്ചിരിക്കുന്നതായി ആ പള്ളിക്കാരിൽ ചിലർ അയച്ച അപേക്ഷയിൽ കണ്ടു. ... തർക്കങ്ങൾക്കു അവരെ ഉത്സാഹിപ്പിക്കുന്നു. ... നിങ്ങൾ സഹായിക്കുകയോ സഹകരിക്കുകയോ ചെയ്യരുതെന്നും ചെയ്കയില്ലെന്നു വിശ്വസിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.



544. മതാപ്പാറ പള്ളിക്കാർക്കു. പ്രിയരെ, ഈ മാസം 22-നു നിങ്ങൾ അയച്ച അപേക്ഷ നമുക്കു കിട്ടി. ഇതുവരെ ആ പള്ളി നടത്തി വന്നിരുന്ന കുറുന്തോട്ടത്തിൽ പീലിപ്പോസു കത്തനാരെ അവിടെ നിന്നൊഴിച്ച് ആ പള്ളിയുടെ ഇടവകപട്ടക്കാരനായ തെങ്ങുംതോട്ടത്തിൽ അബ്രഹാം കത്തനാരെ തനിച്ച് അവിടേക്കു വികാരിയായി നിയമിച്ചു കല്പന കൊടുത്തു ആ പള്ളി നടത്തിച്ചു തരണമെന്നുള്ള നിങ്ങളുടെ അപേക്ഷപ്രകാരം തെങ്ങുംതോട്ടത്തിൽ അബ്രഹാം കത്തനാരെ ഈ കല്പന മൂലം ആ പള്ളി വികാരിയായി നാം നിയമിച്ചിരിക്കുന്നതിനാൽ അടുത്ത ഞായറാഴ്ച മുതൽ മേലാൽ ടി അബ്രഹാം കത്തനാരെ ആ പള്ളിയുടെ വികാരിയായി സ്വീകരിച്ചു പള്ളി സംബന്ധമായ സകല കർമ്മാദികളും നിങ്ങൾക്കുള്ള സകല ആത്മിക ദിഷ്ടതികളും വീഴ്ച കൂടാതെ ടിയാനെക്കൊണ്ടു നടത്തിച്ചുകൊള്ളുകയും വേണം. ഫീലിപ്പോസു കത്തനാർ ഇന്നു നമ്മുടെ അടുക്കൽ വന്നിരുന്നു. അയാളുടെ അപേക്ഷപ്രകാരം ...

(തുടരും)

**സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്**



**കാർത്തികപ്പള്ളി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിന്റെ 106-ാമത് വാർഷികവും, വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഉൽഘാടനം ചെയ്യുന്നു.**



**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ 19-ാമത് ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ശാസ്താംകോട്ട എം.ടി.എം. മിഷൻ ഹോസ്പിറ്റൽ സംഘടിപ്പിച്ച മെഗാ മെഡിക്കൽ ക്യാമ്പ് ചെങ്ങന്നൂർ ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് ഉദ്ഘാടനം നിർവഹിച്ചു. ഫാ. സാംജി റ്റി. ജോർജ്, ഫാ. എബ്രഹാം വർഗീസ്, അനിൽ മത്തായി തുടങ്ങിയവർ പങ്കെടുത്തു.**



## ഫാ. പി. എം. ഫിലിപ്പോസ് അന്തരിച്ചു

റാന്നി: മലങ്കര ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികൻ കൊറ്റനാട് കളമ്പാല ചെറുകര പുലിക്കുന്നിൽ ഫാ. പി. എം. ഫിലിപ്പോസ് (92) അന്തരിച്ചു. കൊൽക്കത്ത, അമേരിക്കൻ ഭദ്രാസനങ്ങളിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിലയ്ക്കൽ ഭദ്രാസനത്തിലെ ചെമ്പൻമുഖം സെന്റ് ജോൺസ് ഇടവകാംഗമാണ്. സഹോദരങ്ങൾ: അമ്മുക്കുട്ടി, തങ്കമ്മ, പെണ്ണമ്മ, പരേതരായ പി. എം. മത്തായി, പി. എം. തോമസ്, പി. എം. ജോൺ, പി. എം. ഏബ്രഹാം. സംസ്കാരം പിന്നീട്.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



# കെതൂറ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ബൈബിളിലെ ഗോത്രപിതാവായ അബ്രഹാമിന്റെ ആദ്യ ഭാര്യ സാറയുടെ മരണശേഷം രണ്ടാം ഭാര്യയായി ഉല്പത്തി പുസ്തകത്തിൽ കാണുന്ന വ്യക്തിയാണ് കെതൂറ. അവളുടെ വിവരണം താരതമ്യേന ഹ്രസ്വമാണെങ്കിലും, അവളുടെ സ്വഭാവത്തെക്കുറിച്ചും വിശാലമായ ബൈബിൾ വിവരണത്തിൽ അവളുടെ പങ്കിന്റെ പ്രാധാന്യത്തെക്കുറിച്ചും ഉൾക്കാഴ്ചകൾ വരയ്ക്കാൻ മതിയായ വിശദാംശങ്ങൾ ബൈബിൾ നൽകുന്നു.

ഉല്പത്തി 25:16-ൽ ആണ് കെതൂറ പ്രത്യക്ഷപ്പെടുന്നത്. അവിടെ സാറയുടെ മരണശേഷം അവളെ അബ്രഹാമിന്റെ ഭാര്യയായി വിശേഷിപ്പിക്കുന്നു. അബ്രഹാം കെതൂറയെ ഭാര്യയായി സ്വീകരിച്ചു. അവർക്ക് സിമ്രാൻ, യോക്ശാൻ, മെദാൻ, മിദ്യാൻ, യിശ്ബാക്ക്, ശൂവഹ് എന്നിങ്ങനെ ആറ് മക്കൾ ഉണ്ടായിരുന്നു. ഈ കുട്ടികൾ പിന്നീട് ബൈബിളിലും ചരിത്രപരമായ വിവരണങ്ങളിലും പ്രധാന പങ്ക് വഹിക്കുന്ന നിരവധി ഗോത്രങ്ങളുടെ പൂർവ്വികരായി മാറുന്നു. കെതൂറയുടെ പുത്രന്മാരുടെ പിൻഗാമികൾ, പ്രത്യേകിച്ച് മിദ്യാന്യർ, ഇസ്രായേല്യരുമായി പലവിധത്തിൽ ഇടപഴകുന്നത് ബൈബിളിൽ പരാമർശിക്കുന്നു.ബൈബിളിൽ സാറയുടെ വേഷം പ്രാധാന്യമർഹിക്കുന്നതും അവളുടെ കഥ വളരെ വിശദമായി പറഞ്ഞിരിക്കുന്നതും ആണെങ്കിലും, കെതൂറയ്ക്ക് അതേ തലത്തിലുള്ള പ്രാധാന്യം നൽകിയിട്ടില്ല. മാത്രമല്ല സാറയെപ്പോലെ ദൈവവുമായുള്ള വ്യക്തിപരമായ ഇടപഴകലിന്റെ അതേ നിലവാരമുള്ളതായി അവളെ വിവരിച്ചിട്ടില്ല.

കെതൂറയുടെ ഏറ്റവും പ്രധാനപ്പെട്ട സ്വഭാവങ്ങളിലൊന്ന് അവളുടെ പ്രത്യുൽപാദനക്ഷമതയാണ്. കെതൂറയുമായുള്ള അബ്രഹാമിന്റെ ബന്ധം ആറ് കുട്ടികളുടെ ജനനത്തിൽ കലാശിക്കുന്നു. സാറയുമായുള്ള അദ്ദേഹത്തിന്റെ മുൻകാല ബന്ധവുമായി ഇത് വ്യത്യസ്തമാണ്, സാറ തുടക്കത്തിൽ വന്ധ്യയായിരുന്നു, അവൾക്ക് 90 വയസ്സുള്ളപ്പോൾ ഇസഹാക്കിന്റെ അത്ഭുതകരമായ ജനനത്തിലേക്ക് നയിച്ചു. ഒന്നിലധികം കുട്ടികളെ പ്രസവിക്കാനുള്ള കെതൂറയുടെ കഴിവ് അബ്രഹാമിന്റെ വംശപരമ്പരയിൽ ദൈവത്തിന്റെ തുടർച്ചയായ അനുഗ്രഹം പ്രകടമാക്കുന്നു. അബ്രഹാമിന് കെതൂറയിൽ ആറ് മക്കളെ ജനിപ്പിക്കാൻ കഴിഞ്ഞു എന്നതും അദ്ദേഹത്തിന്റെ പിന്നീടുള്ള വർഷങ്ങളിൽ അവന്റെ ഊർജ്ജസ്വലതയും ശക്തിയും അടിവരയിടുന്നു. സന്തതികളെ ഉൽപ്പാദിപ്പിക്കാനുള്ള കെതൂറയുടെ കഴിവ്, പ്രത്യേകിച്ച് അബ്രഹാമിന്റെ പ്രായത്തിന്റെ വെളിച്ചത്തിൽ (ഇസഹാക്ക് ജനിക്കുമ്പോൾ അവന് 100 വയസ്സിനു മുകളിലായിരുന്നു), ഇസഹാക്കിനുമപ്പുറം പോലും അബ്രഹാമിനോടുള്ള ദൈവത്തിന്റെ ഉടമ്പടി, വാഗ്ദാനങ്ങളുടെ നിലവിലുള്ള സ്വഭാവത്തെ പ്രതിഫലിപ്പിച്ചേക്കാം. ഇത് ബൈബിളിലെ വിവരണങ്ങളിൽ പ്രത്യുൽപാദനത്തിന്റെ പ്രാധാന്യം അടിവരയിടുന്നു.

കെതൂറയുടെ വ്യക്തിജീവിതം വിപുലമായി പരിശോധിക്കപ്പെടുന്നില്ലെങ്കിലും, അബ്രഹാമിന്റെ ഭാര്യയെന്ന നിലയിൽ അവളുടെ വിശ്വസ്തതയും പിന്തുണയും പല തരത്തിൽ സൂചിപ്പിക്കുന്നു. സാറയുടെ മരണശേഷം അബ്രഹാമുമായുള്ള അവളുടെ വിവാഹം, ദൈവവുമായുള്ള ഉടമ്പടി ബന്ധത്തിൽ അബ്രഹാമിന് ഉണ്ടായിരുന്ന വിശ്വാസത്തിന്റെയും പ്രതിബദ്ധതയുടെയും തുടർച്ചയെ സൂചിപ്പിക്കുന്നു. ഭാര്യയും അമ്മയും എന്ന നിലയിൽ, അബ്രഹാമിന്റെ കുടുംബത്തെ പരിപാലിക്കുന്നതിലും അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ നിവൃത്തിയിൽ അവിഭാജ്യമായ കുടുംബ പരമ്പര തുടരുന്നതിലും കെതൂറ ഒരു പ്രധാന പങ്ക് വഹിച്ചിരിക്കണം.

അബ്രഹാമിന്റെ ഭാര്യയെന്ന നിലയിലുള്ള അവളുടെ പദവി സൂചിപ്പിക്കുന്നത്, സാറയെപ്പോലെ അവളും അബ്രഹാമിന്റെ തുടർച്ചയായ വിശ്വാസയാത്രയുടെ ഭാഗമായിരുന്നു എന്നാണ്. കെതൂറയും അബ്രഹാമിന്റെ മകനായ ഇസഹാക്കും തമ്മിലുള്ള ഒരു സംഘർഷവും ബൈബിൾ പരാമർശിക്കുന്നില്ല, അത് മൂലം അബ്രഹാമും അവന്റെ കുടുംബവുമായുള്ള അവളുടെ ബന്ധം യോജിപ്പുള്ളതായിരുന്നുവെന്ന് മനസിലാക്കാം.

നിരവധി ഗോത്രങ്ങളുടെ മാതാവെന്ന നിലയിൽ കെതൂറ നിർണായകമാണെങ്കിലും, അവളുടെ ജീവിതത്തിന്റെ ഭൂരിഭാഗവും നിഗൂഢമായി തുടരുന്നു. അവളുടെ വ്യക്തിത്വത്തെയോ അവളുടെ വിശ്വാസത്തെയോ അവളുടെ പ്രവൃത്തികളെയോ കുറിച്ചുള്ള വിശദമായ ഒരു ചിത്രം ബൈബിൾ നൽകുന്നില്ല.

**1 ദൈവത്തിന്റെ ഉടമ്പടി ഇസഹാക്കിനുമപ്പുറം തുടരുന്നു.**

അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടി ഇസഹാക്കിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് അബ്രഹാമിന്റെ വിശാലമായ കുടുംബത്തിലേക്കും വ്യാപിക്കുന്നു എന്നതാണ് കെതൂറയുടെ കഥ നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്ര സന്ദേശങ്ങളിലൊന്ന്. കെതൂറ പ്രസവിച്ച ആറ് ആൺമക്കൾ ഇസ്രായേല്യരുമായും അവളുടെ

മക്കളിൽ നിന്നുള്ള മറ്റ് ഗോത്രങ്ങളുമായും പലപ്പോഴും കലഹിക്കുന്ന മിദ്യാന്യർ ഉൾപ്പെടെ നിരവധി ഗോത്രങ്ങളുടെ പൂർവ്വികരായി. അബ്രഹാമിന്റെ സന്തതികൾ ഇസഹാക്കിൽ മാത്രമായി പരിമിതപ്പെടാതെ ഒരു വലിയ സമൂഹമായി മാറുമെന്ന് സൂചിപ്പിക്കുന്ന, അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ ഓർമ്മപ്പെടുത്തലായി ഈ ജനതകൾ ചിലപ്പോൾ ബൈബിളിൽ കാണപ്പെടുന്നു (ഉല്പത്തി 17:4-5).

കെതൂറയെ വിവാഹം കഴിക്കുന്നതിലൂടെ, അബ്രഹാം ഇസഹാക്കിന് നൽകിയ നിർദ്ദിഷ്ട വാഗ്ദാനത്തെ മറികടക്കുന്ന ഒരു വിശാലമായ വംശം സ്ഥാപിക്കുന്നു. ഇസഹാക്കിനെ പ്രാഥമിക അവകാശിയെന്ന നിലയിൽ ബൈബിൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, ദൈവത്തിന്റെ ഉടമ്പടി അനുഗ്രഹങ്ങൾ അബ്രഹാമിന്റെ എല്ലാ സന്തതികളിലേക്കും, ഇസഹാക്കിലൂടെയോ കെതൂറയിലൂടെയോ വ്യാപിക്കുന്നു എന്ന വസ്തുതയെ ശക്തീകരിക്കുന്നു. പല രാജ്യങ്ങളും ജനങ്ങളും ദൈവത്തിന്റെ രൂപകല്പനയുടെ ഭാഗമാകുന്ന മനുഷ്യരാശിക്കുള്ള ദൈവത്തിന്റെ സാർവത്രിക പദ്ധതി എന്ന ആശയത്തെ

ഇത് ബലപ്പെടുത്തുന്നു.

**2 വാഗ്ദാനത്തിന്റെ വിശ്വാസവും തുടർച്ചയും**

അബ്രഹാമുമായുള്ള കെതൂറയുടെ വിവാഹവും അവളുടെ മക്കളുടെ ജനനവും ദൈവത്തിന്റെ പദ്ധതിയിലെ വിശ്വാസത്തിന്റെയും തുടർച്ചയുടെയും പ്രമേയത്തെ എടുത്തുകാണിക്കുന്നു. വാർദ്ധക്യത്തിൽ വീണ്ടും വിവാഹം കഴിക്കാനും കൂടുതൽ കുട്ടികളെ ജനിപ്പിക്കാനുമുള്ള അബ്രഹാമിന്റെ സന്നദ്ധത, ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള അവന്റെ നിരന്തരമായ വിശ്വാസത്തെ സൂചിപ്പിക്കുന്നു. അബ്രഹാമിന്റെ ഉടമ്പടി വാഗ്ദത്തം പ്രത്യേകമായി ഇസഹാക്കിന് നൽകിയിട്ടുണ്ടെങ്കിലും, ഇസഹാക്കിന്റെ നേരിട്ടുള്ള പരമ്പരയ്ക്കപ്പുറം ദൈവം അവനെയും അവന്റെ കുടുംബത്തെയും തുടർന്നും അനുഗ്രഹിക്കുമെന്ന വിശ്വാസമാണ് അബ്രഹാമിന്റെ പ്രവൃത്തികൾ പ്രകടമാക്കുന്നത്. കെതൂറയുടെ പ്രത്യുൽപാദനക്ഷമത അബ്രഹാമിന്റെ സന്തതികളിൽ ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ തുടർച്ചയെ സൂചിപ്പിക്കുന്നു, കൂടാതെ അവളുടെ പുത്രന്മാർ വിവിധ ഗോത്രങ്ങളുടെ പൂർവ്വികർ എന്ന നിലയിൽ ബൈബിളിൽ പ്രധാന പങ്ക് വഹിക്കുന്നു.

**3 പൈതൃകത്തിന്റെയും ബഹുഗോത്ര സ്വാധീനത്തിന്റെയും പ്രാധാന്യം**

പാരമ്പര്യത്തിന്റെ പ്രാധാന്യവും അബ്രഹാമിന്റെ സന്തതികളുടെ ബഹുഗോത്ര സ്വാധീനവും വ്യക്തമാക്കുന്നതാണ് കെതൂറയുടെ കഥ . അവളുടെ പുത്രന്മാരിൽ നിന്ന് ഉടലെടുത്ത ഗോത്രങ്ങൾ -പ്രത്യേകിച്ച് മിദ്യാന്യർ -പിൽക്കാലത്തെ ബൈബിൾ വിവരണങ്ങളിൽ പ്രധാന പങ്കുവഹിച്ചു. ഉദാഹരണത്തിന്, മോശെയുടെ കഥയിൽ മിദ്യാന്യർ ഉൾപ്പെട്ടിരുന്നു, അവിടെ അവർ ഇസ്രായേല്യരുമായി നല്ലതും പ്രതികൂലവുമായ വഴികളിൽ ഇടപഴകുന്നു. ബൈബിളിലെ അപ്രധാന കഥാപാത്രങ്ങൾ പോലും ഇസ്രായേലിനും ലോകത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി തുറക്കുന്നതിൽ ശാശ്വതമായ സ്വാധീനം ചെലുത്തുന്നുവെന്ന് ഇത് കാണിക്കുന്നു. കൂടാതെ, ദൈവത്തിന്റെ ഉടമ്പടി വാഗ്ദത്തങ്ങളുടെ വിശാലമായ വ്യാപ്തിയെ പ്രതിഫലിപ്പിക്കുന്ന വൈവിധ്യമാർന്ന ജനങ്ങളുടെ സ്ഥാപകരായി കെതൂറയുടെ മക്കൾ മാറുന്നു. ഇസഹാക്കും അവന്റെ പിൻഗാമികളും തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേലിലെ ജനത്തെ പ്രതിനിധീകരിക്കുമ്പോൾ, കെതൂറയുടെ മക്കൾ രാജ്യങ്ങൾക്കുള്ള വിശാലമായ അനുഗ്രഹത്തെ പ്രതിനിധീകരിക്കുന്നു, അത് പിന്നീട് എല്ലാ രാജ്യങ്ങളിലേക്കും സുവിശേഷം പ്രചരിപ്പിക്കുക എന്ന ദൗത്യവുമായി പുതിയ നിയമത്തിലെ കേന്ദ്ര വിഷയമായി മാറും.

**4 ക്ഷമയുടെയും ശാന്തമായ വിശ്വാസത്തിന്റെയും മാതൃക**

കെതൂറയുടെ കഥ ക്ഷമയുടെയും ശാന്തമായ വിശ്വാസത്തിന്റെയും മാതൃകയായി വർത്തിക്കുന്നു. അവൾ സാറയെപ്പോലെ പ്രമുഖയല്ലെങ്കിലും, അബ്രഹാമിന്റെ ജീവിതത്തിൽ അവളുടെ പങ്ക്, ദൃശ്യമാകാത്ത രീതിയിൽ ദൈവിക പദ്ധതിയിൽ സംഭാവന ചെയ്യുന്നവരുടെ പ്രാധാന്യം അടിവരയിടുന്നു. ബൈബിൾ വിവരണത്തിൽ താരതമ്യേന ഹ്രസ്വമായ രൂപത്തിൽ പോലും കെതൂറയുടെ വിശ്വസ്തതയും പ്രത്യുൽപാദനക്ഷമതയും അബ്രഹാമിന്റെ പരമ്പരയുടെ തുടർച്ചയെ അനുവദിച്ചു, . അവളുടെ നിശ്ശബ്ദ വിശ്വാസം, ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ സേവിക്കുന്ന എല്ലാവരും ശ്രദ്ധയിൽപ്പെടാൻ വിളിക്കപ്പെടുന്നില്ല എന്ന ഓർമ്മപ്പെടുത്തലായി വർത്തിച്ചേക്കാം. കെതൂറയെപ്പോലെ ചിലർ, അംഗീകാരം തേടാതെ, ദൈവിക പദ്ധതിയിൽ നിർണായക പങ്കുവഹിച്ചുകൊണ്ട് ശാന്തമായ വിശ്വസ്തതയിലൂടെ സേവിക്കുന്നു.

ബൈബിളിലെ കെതൂറയുടെ കഥ, അബ്രഹാമിനോടുള്ള ദൈവിക വിശ്വസ്തത, അനേകം പിൻഗാമികളിലൂടെയുള്ള അവന്റെ പൈതൃകത്തിന്റെ തുടർച്ച, ഇസഹാക്കിനുമപ്പുറം ദൈവത്തിന്റെ വാഗ്ദാനങ്ങൾ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കൽ എന്നിങ്ങനെ നിരവധി സുപ്രധാന സന്ദേശങ്ങൾ നൽകുന്നു. കെതൂറയുടെ പ്രത്യുൽപാദനക്ഷമതയും അബ്രഹാമിന്റെ രണ്ടാം ഭാര്യയെന്ന നിലയിലുള്ള അവളുടെ പങ്കും അബ്രഹാമിന്റെ തുടർച്ചയായ അനുഗ്രഹത്തെ പ്രതിനിധീകരിക്കുന്നു, അതേസമയം അവളുടെ നിഗൂഢ സ്വഭാവം ദൈവത്തിന്റെ പദ്ധതി വികസിക്കുന്ന ശാന്തവും പലപ്പോഴും മറഞ്ഞിരിക്കുന്നതുമായ വഴികളെ വിലമതിക്കാൻ നമ്മെ വെല്ലുവിളിക്കുന്നു. വിശ്വാസത്തിന്റെ മൂല്യവും പൈതൃകത്തിന്റെ പ്രാധാന്യവും ലോകത്തിനായുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ വിപുലമായ വ്യാപ്തിയും കെതൂറയിലൂടെ ബൈബിൾ നമ്മെ പഠിപ്പിക്കുന്നു.



**കുന്നംകുളം ഭദ്രാസനം എം.ജി.ഒ.സി.എസ്.എം. സീനിയേഴ്സ് ഫോറം ഉത്ഘാടനവും കുടുംബ സംഗമവും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ്സ് മാർ യൂലിയോസ് ഉത്ഘാടനം ചെയ്തു.**



**സീനിയർ വിഭാഗം**
**പൊതു വിജ്ഞാനത്തിൽ**
**ഒന്നാം സ്ഥാനം കരസ്ഥമാക്കിയ**
**സണ്ടേസ്കൂൾ വിജ്ഞാനി ഷാരോൺ**
**കെ. സി. കുന്നംകുളം ഭദ്രാസനത്തിലെ**
**മൂലെപ്പാട് മാർ ബസേലിയോസ് മാർ**
**ഗ്രീഗോറിയോസ് സണ്ടേസ്കൂൾ**
**വിദ്യാർത്ഥിയാണ്.**



**പ്രശസ്ത ഗവേഷകനും ചരിത്ര പണ്ഡിതനുമായ ഡോ. മുകുൾ കേശവനും രാഷ്ട്രീയ നിരീക്ഷകനും എഡിറ്ററുമായ അജോയ് ആശീർവാദും ചരിത്രമുറങ്ങുന്ന പാലിയക്കര പള്ളി സന്ദർശിച്ചു. പള്ളിയുടെ ചരിത്രവും വാസ്തുവിദ്യയും മ്യൂറൽ ചിത്രങ്ങളുടെ സവിശേഷതയും വികാരി ഫാ. വർഗീസ് മാത്യുവും അസിസ്റ്റന്റ് വികാരി ഫാ. ടിജോ ജോർജ് തോമസും വിശദീകരിച്ചു. ഒരു ദേശത്തിന്റെ ചരിത്രത്തെ അടയാളപ്പെടുത്തുന്നതിൽ ചരിത്രപ്രാധാന്യമുള്ള ആരാധനാലയങ്ങൾക്കും വാസ്തുകലയ്ക്കും നിർണായക പങ്കുണ്ടെന്ന് ഡോ. മുകുൾ കേശവൻ പറഞ്ഞു. സഭാ മാനേജിങ് കമ്മിറ്റി അംഗം മത്തായി ടി. വർഗീസ്, പ്രഫ. അമിത്ത് ഡേവിഡ്, പ്രഫ. രാജീവ് ആക്കമൺ തുടങ്ങിയവർ സംഘത്തോടൊപ്പം ഉണ്ടായിരുന്നു.**

വചനതീർത്ഥം



# ദനഹായ്ക്കു ശേഷം മൂന്നാം ഞായർ

## (വി. യോഹന്നാൻ 3:1–12)

ഫാ. മോൻസി ഫിലിപ്പ്

ദനഹപ്പെരുന്നാളിനു ശേഷം മൂന്നാം ഞായർ. യേശുതമ്പുരാന്റെ സുദീർഘമായ സംഭാഷണങ്ങളും പ്രഭാഷണങ്ങളും വി. വേദഗ്രന്ഥത്തിന്റെ താളുകൾ സാക്ഷിക്കുന്നു. അത്തരത്തിലുള്ള ആദ്യത്തെ പ്രഭാഷണമാണ് ഇന്നേ ദിവസത്തിന്റെ പ്രത്യേകത. യേശുതമ്പുരാനും നിക്കോദിമോസും തമ്മിലുള്ള സംഭാഷണം. ഇന്നത്തെ വേദഭാഗം,

വി. യോഹന്നാൻ 3:1–12

വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശുതമ്പുരാന്റെ ദീർഘമായ സംഭാഷണങ്ങളും പ്രഭാഷണങ്ങളും അടങ്ങിയിരിക്കുന്നു. അതിൽ കൗദാശീകമായ ചിന്തകളിലൂടെ നയിക്കുന്ന ഒരു സംഭാഷണമാണ് ഇന്നത്തെ വായനയുടെ പ്രത്യേകത. യേശുതമ്പുരാനും യഹൂദന്മാരിൽ പ്രമാണിയായിരിക്കുന്ന നിക്കോദീമോസും തമ്മിലുള്ള സംഭാഷണം (വി. യോഹന്നാൻ 3:1–12). ഇവരുടെ സംഭാഷണത്തിന്റെ പ്രധാന വിഷയം "വീണ്ടും ജനനമാണ്". നിക്കോദിമോസ് ക്രിസ്തുവിന്റെ അടുക്കൽ വന്ന് "റബ്ബീ" ("എന്റെ ഗുരു") എന്ന അഭിസംബോധനയോടെ സംഭാഷണം ആരംഭിക്കുന്നു. യേശുതമ്പുരാൻ നിക്കോദീമോസിന്റെ ധാരണകൾക്കും, ചോദ്യങ്ങൾക്കും മറുപടി നൽകുന്നു. "പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല" (വി. യോഹ. 3:3). നിക്കോദീമോസിന്റെ ചോദ്യം "മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതു എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ?" (വി. യോഹ. 3:4) യേശുതമ്പുരാന്റെ പ്രബോധനം തുടർന്ന്. "വീണ്ടും ജനനം", ദൈവരാജ്യ പ്രവേശനം എന്നിവയെക്കുറിച്ച്. ദൈവരാജ്യ പ്രവേശനം വെള്ളത്താലും ആത്മാവിനാലുമുള്ള പുതുജനനത്താൽ മാത്രം സാധ്യം എന്ന വെളിപ്പെടുത്തൽ. ഇതാണ് വേദഭാഗ പ്രതിപാദ്യം.

വേദഭാഗ ചിന്തകൾ

**1. പരീശൻമാരുടെ കൂട്ടത്തിലെ യഹൂദാപ്രമാണി – നിക്കോദീമോസ്**

വി. യോഹന്നാൻ 3:1

നിക്കോദീമോസിനെപ്പറ്റി വി. യോഹന്നാന്റെ സുവിശേഷത്തിൽ 3 ഭാഗങ്ങളിൽ പ്രതിപാദിക്കുന്നു.

1. അന്ധകാരത്തിൽ നിന്ന് വെളിച്ചത്തിലേയ്ക്ക് പ്രയാണം ചെയ്ത നിക്കോദീമോസ് (വി. യോഹ. 3:1–12)

2. സത്യത്തിനുവേണ്ടി നിലകൊള്ളുന്ന നിക്കോദീമോസ് (വി. യോഹ. 7:45–52).

3. കാൽവറിയിലെ കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന നിക്കോദീമോസ് (വി. യോഹ. 19:38–42)

നിക്കോദീമോസ് എന്ന പേരിന്റെ അർത്ഥം "നിർദ്ദേഷി രക്തം" എന്നും "ജനതകളുടെ നേതാവ്" എന്നുമാകുന്നു.

ജനക്കൂട്ടത്തിൽ നിന്നും സന്നിദ്രിസംഘത്തിലെ 70 പ്രമാണി അംഗങ്ങളിലും വ്യത്യസ്തനായ മനുഷ്യൻ ആയിരുന്നു നീക്കോദീമോസ്. അവന്റെ പ്രത്യേകതകൾ:

1. യഹൂദാപ്രമാണി
2. സന്നിദ്രിസംഘ (യഹൂദന്മാരുടെ സുപ്രീംകോടതി) ത്തിലെ അംഗം.
3. സത്യാമ്പേഷകൻ
4. നീതിമാൻ
5. സ്വർഗ്ഗരാജ്യത്തിന്റെ ആഗമനത്തിനുവേണ്ടി കാത്തിരുന്നവൻ
6. യേശുവിന്റെ രഹസ്യ ശിഷ്യൻ

വേദഭാഗത്തിന്റെ ആരംഭത്തിൽ പരീശന്മാരുടെ കൂട്ടത്തിൽ എന്നു നാം വായിക്കുന്നു.

**ആരാണ് പരീശന്മാർ?**

യെഹൂദന്മാരുടെ ഇടയിൽ കർക്കശമായ യാഥാസ്ഥിതിക ചിന്താഗതിയും, വളരെ മതഭക്തിയുള്ളതുമായ ഒരു വിഭാഗമാണ് പരീശന്മാർ. മോശെയുടെ ന്യായപ്രമാണത്തിനും പൂർവ്വീകന്മാർ അനുഷ്ഠിച്ചു പോന്നിരുന്ന മതപാരമ്പര്യങ്ങൾക്കും പ്രാധാന്യം നൽകിയിരുന്നവർ. സ്വയം നീതീകരിക്കുന്നവർ, മറ്റുള്ളവരെക്കാൾ വിശുദ്ധരെന്ന് കരുതിയിരുന്നതിനാൽ മറ്റുള്ളവരിൽ നിന്ന് സ്വയം വേർപെട്ടു നിൽക്കുന്നവർ. "ഫറാഷ്" എന്ന എബ്രായ പദത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ് "പരീശൻ" എന്ന പേര്. ഇതിന്റെ അർത്ഥം – വേർപെട്ടിരിക്കുക, മാറ്റിവെയ്ക്കുക എന്നുമാണ്. എന്നാൽ അവരുടെ പ്രവൃത്തികൾ വാക്കുകളുമായി പൊരുത്തപ്പെട്ടിരുന്നില്ല. അതിനാൽ യേശു അവരുടെ കപടവിശ്വാസത്തെ വിമർശിച്ചിരുന്നു.

നിക്കോദീമോസ് പരീശന്മാരുടെ കൂട്ടത്തിലെ പ്രമാണി ആയിരുന്നെങ്കിലും, സത്യത്തിനുവേണ്ടി നിലകൊണ്ടവനാണെന്ന് അവന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എല്ലാവരിൽ നിന്നും വ്യത്യസ്തമായ ചിന്തയും ജീവിതവും. നമുക്കും ഇത് മാതൃകയാക്കാം. ജീവിതം കൊണ്ടും, പ്രവർത്തനം കൊണ്ടും, വ്യക്തിത്വം കൊണ്ടും ഒരു ക്രിസ്ത്യാനി മറ്റുള്ളവരിൽ നിന്നും വ്യത്യസ്തൻ ആയെങ്കിൽ മാത്രമേ ക്രിസ്തു നാമം മഹത്വപ്പെടുകയുള്ളൂ. ഈ സത്യം തിരിച്ചറിയണം. നിക്കോദീമോസിനെപ്പോലെ, ആയിരിക്കുന്ന സംഘങ്ങളിൽ നിന്ന് വേറിട്ട ശബ്ദമാകാം.

"എന്നിലേക്കു പ്രവഹിച്ചിട്ടുള്ളതിൽ നിന്നു മാത്രമേ എനിക്കു മറ്റുള്ളവർക്കു പകർന്നു കൊടുക്കാൻ കഴിയൂ. ലഭിച്ചതു മാത്രമേ എനിക്കു നൽകാൻ കഴിയൂ."

**2. നിക്കോദീമോസിന്റെ രാത്രിയിലെ ആഗമനം, 'റബ്ബീ' എന്ന അഭിസംബോധനയും**

(വി. യോഹന്നാൻ 3:2)

"അവൻ രാത്രിയിൽ അന്റെ അടുക്കൽ വന്നു അവനോടു: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു."

രാത്രിയിൽ യേശുതമ്പുരാന്റെ അടുക്കലേയ്ക്ക് യഹൂദന്മാരിൽ പ്രമാണിയായ നിക്കോദീമോസ് കടന്നുവരുന്നു. 'റബ്ബീ' എന്ന വിളിയോടെ. എന്തുകൊണ്ട് രാത്രി തിരഞ്ഞെടുത്തു. രണ്ട് കാരണങ്ങൾ

1. നിക്കോദീമോസ് സന്നിദ്രം സംഘത്തിലെ അംഗമായിരുന്നതുകൊണ്ട് യഹൂദന്മാരെ ഭയന്ന്.

2. യേശുതമ്പുരാനെ സൗകര്യപ്രദമായി കാണാനും സംസാരിക്കാനും യേശുവിൽ നിന്ന് പഠിക്കാനും നല്ല സമയം "രാത്രിയുടെ നിശബ്ദത" നല്ലതായതിനാൽ.

യഹൂദാ റാബിമാർ രാത്രിയിൽ ശിഷ്യപെ പഠിപ്പിച്ചിരുന്നു. നിക്കോദീമോസ് ക്രിസ്തുവിന്റെ രഹസ്യശിഷ്യനായിരുന്നെങ്കിലും വിശ്വാസത്തിൽ ബലഹീന

നായിരുന്നു. എന്നാൽ രാത്രിയിൽ യേശുവുമായുള്ള കൂടിക്കാഴ്ച്ചയും സംഭാഷണവും യേശുവിനെ കൂടുതൽ മനസ്സിലാക്കുവാനും വിശ്വാസം വർദ്ധിക്കുവാനും ഇടയാക്കി. യേശുവിനെ ഹൃദയം തുറന്നു കാണുവാനും കേൾക്കുവാനും കഴിയുന്ന ഏതു മനുഷ്യനും നിക്കോദീമോസിനെപ്പോലെ മാറ്റം ഉണ്ടാകും.

'റബ്ബീ' എന്ന വിളി ഗുരുവിനെ ശിഷ്യന്മാർ സാധാരണയായി അഭിസംബോധന ചെയ്യുന്ന പദമാണ്. അർത്ഥം 'എന്റെ ഗുരു' എന്നാണ്. 'എന്റെ' എന്ന പ്രയോഗം സ്വാർത്ഥതയ്ക്കും അപ്പുറമായി ആഴമേറിയ ബന്ധത്തിന്റെ ധ്വനിയുണ്ട്. അത് തിരിച്ചറിവിലൂടെ ലഭിക്കുന്ന ബന്ധത്തിന്റെ ആഴമാണ്. നിക്കോദീമോസും ക്രിസ്തുവിൽ വിശ്വസിച്ചു.

"യേശു ചെയ്ത അടയാളങ്ങളെ കണ്ടിട്ട്പലരും അവനിൽ വിശ്വസിച്ചു" (വി. യോഹ. 2:23)

അപ്രകാരം വന്നവനായിരിക്കാം. അതുകൊണ്ടാകാം യേശുവിനെക്കുറിച്ച് അവൻ പറഞ്ഞ രണ്ട് കാര്യങ്ങൾ സത്യം.

1. ദൈവത്തിൽ നിന്നുള്ള ഉപദേഷ്ടാവ്

2. ദൈവം കൂടെയുള്ളവൻ

തുടർന്നുള്ള വേദഭാഗങ്ങളിൽ നിക്കോദീമോസ് "ഇമ്മാനുവേൽ" എന്ന പദത്തിന്റെ അർത്ഥം ആഴമായി ജീവിതത്തിൽ മനസ്സിലാക്കുന്നു. തുടർഭാഗങ്ങൾ വെളിച്ചം പകരുന്നു. അത് എനിക്കും നിങ്ങൾക്കും സത്യവെളിച്ചമായി തീരട്ടെ. ഇരുളിന്റെ മറവിൽ വന്ന് യേശുവിനെ കണ്ട നിക്കോദീമോസ് വെളിച്ചം ലഭിച്ചവനായി തീർന്നു. അത് അവനെ കറയോ, ചുളിവോ ഇല്ലാത്ത മനുഷ്യനാക്കി. യേശുക്രിസ്തുവിന്റെ ശരീരം കുരിശിൽ നിന്നിറക്കി കബറടക്കം നടത്താൻ "ഏകദേശം നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ടു കൊണ്ടുവന്നു" (വി. യോഹ. 19:39).



"സ്വയ ബോധ്യങ്ങളിൽ നിന്ന് തിരിച്ചറിവിലൂടെ യഥാർത്ഥ വെളിച്ചം സ്വീകരിച്ച് സ്വയം പ്രകാശിക്കുവാനും മറ്റുള്ളവർക്ക് പ്രകാശം ആകുവാനും ഇടയാകട്ടേ..."

**3. യേശുവും നിക്കോദീമോസും തമ്മിലുള്ള സംഭാഷണം – വിഷയം – വീണ്ടും ജനനം**

(വി. യോഹന്നാൻ 3:3–12)

നിക്കോദീമോസ് യേശുതമ്പുരാന്റെ അടുക്കൽ വന്ന് അങ്ങിൽ ദൈവത്തിന്റെ സാന്നിധ്യം ഇല്ലാതെ അങ്ങ് ചെയ്യുന്ന അടയാളങ്ങൾ ചെയ്‌വാൻ ആർക്കും കഴികയില്ല. ആയതിനാൽ അങ്ങ് ദൈവത്തിൽ നിന്നുള്ളവൻ എന്ന് പ്രസ്താവിക്കുമ്പോൾ ക്രിസ്തുവിന്റെ മറുപടി "പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല." (വി. യോഹ. 3:3). തുടർന്ന് ചോദ്യങ്ങളും ക്രിസ്തു നൽകുന്ന മറുപടിയും. അതിൽ പ്രധാന വിഷയം 'പുതുജനനം', വീണ്ടും ജനനം.'

'പുതുതായി' എന്നതിന് ഗ്രീക്കിൽ രണ്ട് അർത്ഥങ്ങൾ.

1. ഉയരത്തിൽ നിന്നും

2.സ്വർഗ്ഗത്തിൽ നിന്നും.

പുതുജനനം ആത്മീകമായഒരനുഭവമാണ്. ബുദ്ധികൊണ്ട് ചിന്തിക്കുന്നതിലും അപ്പുറം.

"ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല." (1 കൊരി. 2:14).

ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ദൈവത്തിൽ നിന്ന് സ്വർഗ്ഗീയ ജനനത്തെ പ്രാപിക്കുവാൻ സാധിക്കും. വി.മാമോദീസാ കൂദാശയിൽ വിശ്വാസം ഏറ്റുപറയിക്കുന്നതിലൂടെ സ്വർഗ്ഗീയ ജനനം സാധ്യമാകുന്നു. യേശുതമ്പുരാൻ പുതുജനനം സാധ്യമാക്കുന്നു. യേശുതമ്പുരാൻ പുതുജനനം കൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യന്റെ സമൂലമായ മാറ്റമാണ്. ക്രിസ്തുവിനെ കർത്താവായും രക്ഷിതാവുമായി സ്വീകരിക്കുവാനുള്ള ആഹ്വാനം. ദൈവത്തിൽ നിന്ന് പുതിയ ആത്മീക ജീവൻ പ്രാപിക്കുവാനുള്ള ആഹ്വാനം.

വെള്ളത്താലും ആത്മാവിനാലുമുള്ള ജനനം അർത്ഥമാക്കുന്നത് വി. മാമോദീസായിലൂടെയുള്ള വീണ്ടും ജനനമാണ്. ഇതിലൂടെ സ്വർഗ്ഗീയ ജനനം സാധ്യമാകുന്നു.

മാമോദീസാ വെള്ളം ശുദ്ധീകരണത്തെ കുറിക്കുന്നു.

"ഈ ജലത്തെ വീണ്ടും ജനനത്തിന്റെ സ്നാനവും പുത്രസ്വീകാര്യത്തിൽ നൽവരവും നാശരഹിതമായ വസ്ത്രവും വിശുദ്ധാത്മാവിൽ പുതുക്കവും ആക്കിതീർക്കണമേ."

വി. മാമോദീസ കൂദാശയിൽ വെള്ളം ശുദ്ധീകരിക്കുമ്പോൾ ഉള്ള പ്രാർത്ഥന.

"ആത്മാവിനാൽ" എന്നത് പരിശുദ്ധാത്മാവിനെ ദൃഷ്ടാന്തീകരിക്കുന്നു. വി. മൂറോൻ അഭിഷേകത്തിലൂടെ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു.

"മിശിഹായുടെ പരിമള വാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോനാൽ...."

വി. മാമോദീസാ കൂദാശയിൽ മൂറോൻ പൂശുമ്പോൾ ഉള്ള പ്രാർത്ഥന.

നാം പ്രാപിച്ച നൽവരങ്ങളെ പ്രോജ്വലിപ്പിക്കാം. പാപം നമ്മുടെമേൽ കർതൃത്വം നടത്താത്ത അനുഭവമാണ് വീണ്ടും ജനിച്ച അനുഭവം. ഒരുവൻ വീണ്ടും ജനിച്ച വ്യക്തിയാണോ അല്ലയോ എന്ന് അറിയുന്നത് അനുഭവത്തിൽ കൂടിയാണ്. കാറ്റിന്റെ കുളിർമ സ്വയം അനുഭവിക്കാൻ കഴിയും. ചുറ്റുപാടും അതു വരുത്തുന്ന മാറ്റം കാണാൻ കഴിയും. വീണ്ടും ജനിച്ച വ്യക്തിയെ അയാളിൽ നിന്നുത്ഭവിക്കുന്ന ഫലങ്ങൾ വഴി മനസ്സിലാക്കാം. നിക്കോദീമോസിന്റെ ജീവിതത്തിലെ മാറ്റങ്ങൾ പോലെ. നമുക്കും വീണ്ടും ജനിക്കാം.

"നാൾതോറും സ്വയത്തെ കുരിശിച്ചെങ്കിൽ മാത്രമേ ക്രിസ്തുവിനോട് ചേരാനാകുകയുള്ളു."

❑

Church Calendar



# Second Sunday after Denaha

### (St. John 1:42-51)

## The Call to Discipleship and the Revelation of Christ

### Dn. Aaron Joshua John

This passage introduces us to the unfolding of Christ's ministry through His personal call to His disciples. The narrative begins with Jesus renaming Simon as Peter (Cephas), indicating the transformative power of encountering the Messiah. It culminates in His interaction with Nathanael, where Jesus reveals His divine insight and promises a greater revelation: "You will see heaven opened, and the angels of God ascending and descending on the Son of Man" (John 1:51). This passage underscores the themes of divine revelation, the role of discipleship, and the fulfilment of Old Testament prophecies in Jesus Christ.

**1. Encountering Christ: Transformation and Calling**

When Simon is brought to Jesus, He immediately recognizes his potential, renaming him Cephas, which means rock. This act signifies not only a new identity but also a new mission, as Simon will become the foundation of the Church (Matthew 16:18). This renaming reflects the biblical pattern where God gives a new name to those He calls into His service, as seen with Abram becoming Abraham (Genesis 17:5) and Jacob becoming Israel (Genesis 32:28). It reveals that an encounter with Christ redefines one's life, setting the person apart for divine purposes. Nathanael's encounter with Christ is equally transformative. Initially sceptical, he questions whether "anything good can come out of Nazareth" (John 1:46). However, when Jesus demonstrates His divine knowledge by describing Nathanael's actions under the fig tree, Nathanael recognizes Him as the Son of God and the King of Israel. This moment illustrates the power of Christ's revelation to overcome doubt and inspire faith. Nathanael's response also highlights the Messianic expectations rooted in the Old Testament, which Jesus fulfils. As Orthodox Christians, this passage challenges us to reflect on our personal encounters with Christ. Just as Simon and Nathanael were called into a life of discipleship, we too are called to respond to His invitation with faith and commitment, allowing His presence to transform our lives.

**2. Jesus as the Fulfilment of Old Testament Prophecy**

The reference to "heaven opened, and the angels of God ascending and descending on the Son of Man" (John 1:51) connects Jesus to the vision of Jacob's ladder in Genesis 28:12. In Jacob's dream, the ladder symbolizes the connection between heaven and earth, affirming God's presence and promises. Jesus identifies Himself as the true ladder, the ultimate mediator between God and humanity. Through His Incarnation, He bridges the gap caused by sin, bringing the fullness of God's revelation to His people. This imagery also reflects the priestly and kingly roles of Christ. As the Son of Man, He embodies both the human and divine, uniting heaven and earth in His person. This promise to Nathanael prefigures the greater revelations of Christ's glory, seen in His miracles, His Transfiguration, and ultimately His Resurrection and Ascension.

**3. The Call to Faithful Discipleship**

The passage emphasizes the role of discipleship in bearing witness to Christ. Andrew brings Simon to Jesus, and Philip invites Nathanael, showing



how the early disciples participated in the mission of sharing the good news. This model of evangelism reminds us that faith is not a solitary journey but a communal one, where we are called to lead others to Christ. The scepticism of Nathanael also resonates with our modern challenges of faith. His transformation from doubt to belief encourages us to approach Christ with honesty, trusting that He will reveal Himself in ways that address our doubts and affirm our faith. Jesus' words to Nathanael point beyond the immediate moment to the greater reality of His mission. The promise of "greater things" is a call to faith and hope, inviting us to look beyond the visible and trust in the unfolding of God's plan through Christ.

As Orthodox Christians, we are invited to deepen our discipleship, recognizing Christ as the ultimate revelation of God's love and truth. It calls us to bring others to Him, to trust in His transformative power, and to live with the expectation of the "greater things" that He promises to those who follow Him. Let us, like Nathanael, move from scepticism to faith, opening our hearts to the divine vision of Christ as the mediator of heaven and earth.

**മലങ്കര ഓർത്തഡോക്സ് സഭയുടെ ജീവ കാരുണ്യ കേന്ദ്രമായി കോതമംഗലത്ത് പ്രവർത്തിക്കുന്ന മാർ ബസേലിയോസ് ഔഗേൻ ചാരിറ്റബിൾ ഫൗണ്ടേഷന്റെയും, സാന്ത്വനം സ്പെഷ്യൽ സ്കൂളിന്റെയും ഡയറക്ടറായി ഫാ. എൽദോ ഏലിയാസിനെ പ. കാതോലിക്കാ ബാവാ നിയമിച്ചു. ഒറീസയിലെ കലഹണ്ടി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ബാലഭവനത്തിൽ ദീർഘനാൾ സേവനം നടത്തിയിട്ടുണ്ട്. അങ്കമാലി ഭദ്രാസനത്തിൽ 18 വർഷത്തോളമായി പൗരോഹിത്യ ശുശ്രൂഷ ചെയ്തുവരുന്നു. അങ്കമാലി ഭദ്രാസന മുൻ സെക്രട്ടറി കൂടിയാണ്.**

